പരിഷദ് വാർത്ത
ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്

സന്ദർശിക്കുക
www.kssp.in
www.wiki.kssp.in
www.luca.co.in
http://parishadvartha.in
facebook.com/ksspexecutive

വാല്യം 18
ലക്കം 07
ഒറ്റപ്രതി 2.50 രൂപ
വരിസംഖ്യ 50 രൂപ

2018 ഏപ്രിൽ 1 - 15 | കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണം | parishadvartha@gmail.com

# പൊതുവിദ്യാഭ്യാസ മേഖല വെല്ലുവിളി നേരിടുന്നു. പരിഷത്ത് സെമിനാർ

കൽപ്പറ്റ: ശാസ്ത്രസാഹിത്യ പരിഷത്തിന്റെ അമ്പത്തിയഞ്ചാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായുള്ള സെമിനാറുകൾക്ക് മാനന്തവാടിയിൽ തുടക്കമായി. വിദ്യാഭ്യാസ സെമിനാർ മാനന്തവാടി മിൽക്ക് സൊസൈറ്റി ഹാളിൽ ഒ.അർ.കേളു എം.എൽ.എ ഉദ്ഘാടനം ചെയ്തു. മുംബൈ യൂണിവേഴ്സിറ്റി റിട്ട. പ്രൊഫ. ഡോ. ജോസ് ജോർജ്ജ് അധ്യക്ഷനായി.

പ്രമുഖനായ വിദ്യാഭ്യാസ വിചക്ഷണൻ ഡോ. സി.രാമകൃഷ്ണൻ വിഷയം അവതരിപ്പിച്ചു. ജനാധിപത്യ വിദ്യാഭ്യാസത്തിലേക്ക് എന്നതായിരുന്നു വിഷയം. പ്ലസ് ടു വരെ സാർവത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിച്ചതോടെ ശക്തമായ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല ഇപ്പോൾ കടുത്ത വെല്ലുവിളി നേരിടുകയാണെന്ന് ഡോ. രാമകൃഷ്ണൻ പറഞ്ഞു. നാട്ടിലെ പ്രകൃതി വിഭവങ്ങളെയും സമൂഹത്തിന്റെ ആവശ്യകതയെയും പരിഗണിച്ച് നമ്മുടെ അധ്വാനശേഷിയെ എങ്ങനെ ദീർഘകാലാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്താമെന്ന് പാഠ്യപദ്ധതി അന്വേഷിക്കുന്നില്ല. അതിനാൽ പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞുവരുന്ന 18 വയസ്സോടടുക്കുന്ന നമ്മുടെ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ ജീവിതത്തെ അഭിമുഖീകരിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഇന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കപ്പെടുന്നത്. ഈ പ്രതിസന്ധിയെ മറികടക്കാൻ കഴിയുമ്പോഴാണ് ജനാധിപത്യ വിദ്യാഭ്യാസം സാർത്ഥകമാകുന്നത്.

പരിഷത്ത് ജനറൽ സെക്രട്ടറി ടി.കെ.മീരാഭായ് ചർച്ചകൾക്ക് തുടക്കം കുറിച്ച് സംസാരിച്ചു. തുടർന്ന് നടന്ന ലഘു അവതരണങ്ങളിൽ ബഹുഭാഷാരംഗത്തെ അടിസ്ഥാനശേഷി വികസനം എന്ന വിഷയം, ബാവലി സ്കൂളിലെ അനുഭവങ്ങൾ പരിചയപ്പെടുത്തി ഇ.വി. പ്രമീള, കെ.രാധ എന്നീ അധ്യാപികമാർ വിശദീകരിച്ചു. പാർശ്വവൽകരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസ മുന്നേറ്റം എന്ന വിഷയത്തിൽ അംബ സ്കൂളിലെ അനുഭവങ്ങൾ പ്രധാനാധ്യാപകൻ എം.ജനാർദനൻ വിശദീകരിച്ചു. വിദ്യാലയ വികസനത്തിലൂടെ ഗ്രാമവികസനം എന്ന വിഷയത്തിൽ ഓടപ്പള്ളം സ്കൂളിലെ അനുഭവങ്ങൾ അധ്യാപകൻ ജിതിൻജിത് വിശദീകരിച്ചു.

പരിഷത്ത് നിർവാഹകസമിതി അംഗങ്ങളായ പ്രൊഫ. കെ.ബാലഗോപാലൻ, പി.വി. സന്തോഷ്, ടി.ആർ.സുമ, കെ.ബി.സിമിൽ പ്രസാദ് വെള്ളമുണ്ട, മുഹമ്മദ് ബഷീർ, അബ്ദുൽ ഖാദർ, സെയ്ത്, കെ.വത്സല, അജയകുമാർ എന്നിവരും സംസാരിച്ചു. കൺവീനർ പി.പി.ബാലചന്ദ്രൻ സ്വാഗതവും ജില്ലാസെക്രട്ടറി പി.മധുസൂദനൻ നന്ദിയും പറഞ്ഞു.



വിദ്യാഭ്യാസ സെമിനാർ മാനന്തവാടി മിൽക്ക് സൊസൈറ്റി ഹാളിൽ ഒ. അർ. കേളു എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## മേരിക്യൂറി: പരിഷത്ത് പുസ്തകങ്ങൾ പ്രകാശനം ചെയ്തു



പരിഷത്ത് പുസ്തകങ്ങൾ കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ.ടി.കെ. നാരായണൻ പ്രകാശനം ചെയ്ത് സംസാരിക്കുന്നു.

തൃശ്ശൂർ : മേരിക്യൂറിയുടെ നൂറ്റമ്പതാം ജന്മവാർഷികത്തോടനുബന്ധിച്ച് അവരുടെ ജീവിതം ആവിഷ്കരിക്കുന്ന രണ്ടു പുസ്തകങ്ങളുടെ പ്രകാശനം കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി.കെ. നാരായണൻ നിർവഹിച്ചു. മാർച്ച് 24ന് സാഹിത്യ അക്കാദമി ഹാളിൽ വച്ചായിരുന്നു പ്രകാശനം. എൻ. വേണുഗോപാലൻ രചന നിർവഹിച്ച 'മേരിക്യൂറിയുടെ കഥ: റേഡിയത്തിന്റെയും' എന്ന നാടകവും ടി.വി. അമൃത രചിച്ച 'മേരിക്യൂറി: പ്രസരങ്ങളുടെ രാജകുമാരി' എന്ന ജീവചരിത്രവും ആണ് പ്രകാശനം ചെയ്യപ്പെട്ടത്. കേരള ശാസ്ത്രസാഹിത്യ പരിഷത്താണ് പ്രസാധകർ. പരിഷത്ത് ജന്റർ വിഷയ സമിതി ജില്ലാ ചെയർപേഴ്സൺ പ്രൊഫ.സി.വിമല അധ്യക്ഷത വഹിച്ചു. എൻ.പി. ധനം, ടി.എ.ഫസീല എന്നിവർ പുസ്തകങ്ങൾ പരിചയപ്പെടുത്തി. എൻ.എം. റംഷി, ഡോ.എ.എസ്.ദിവ്യ എന്നിവർ പുസ്തകങ്ങൾ സ്വീകരിച്ചു. ഗ്രന്ഥകർത്താക്കൾ തങ്ങളുടെ രചനാനുഭവങ്ങൾ പങ്കുവെച്ചു. ജില്ലാ സെക്രട്ടറി കെ.എസ് സുധീർ സ്വാഗതവും സതീശ് ഓവാട്ട് നന്ദിയും പറഞ്ഞു.

## ഗ്രാമപത്രം

- അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾ അടച്ചു പൂട്ടുക
- പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ ജനങ്ങൾ അണിചേരുക



## NH 66 തളിപറമ്പ് ബൈപാസ് പഠനം അവതരിപ്പിച്ചു



തളിപ്പറമ്പ് കീഴാറ്റൂർ NH വികസനം പരിഷത്ത് നടത്തിയ പഠനം പ്രൊഫ എൻ കെ ഗോവിന്ദൻ അവതരിപ്പിക്കുന്നു

കണ്ണൂർ: അന്താരാഷ്ട്ര ജല ദിനത്തിന്റെ ഭാഗമായി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'ജലസുരക്ഷ ജീവസുരക്ഷ' എന്ന വിഷയത്തിൽ സെമിനാറും 'NH 66 തളിപ്പറമ്പ് ബൈപാസ് പഠനവും' അവതരിപ്പിച്ചു. തളിപറമ്പിൽ സംഘടിപ്പിച്ച പരിപാടിൽ 400 ലധികം പേർ പങ്കെടുത്തു. പരിസര വിഷയ സമിതി കൺവീനർ കെ വിനോദ് കുമാർ സ്വാഗതം പറഞ്ഞു. പ്രൊഫ.കെ.ബാലൻ അധ്യക്ഷനായിരുന്നു. ജനപക്ഷ കേരള വികസനബദൽ സി പി ഹരീന്ദ്രനും തളിപറമ്പ് മേഖല പ്രസിഡണ്ട് പ്രൊഫ.എൻ.കെ.ഗോവിന്ദൻ പഠന വിവരങ്ങളും അവതരിപ്പിച്ചു. മേഖലാ സെക്രട്ടറി ടി.കെ.മുരളീധരൻ നന്ദി പറഞ്ഞു.

## മാധ്യമ പഠന ചർച്ച സംഘടിപ്പിച്ചു

കോട്ടയം : ശാസ്ത്ര സാഹിത്യ പരിഷത്ത് കോട്ടയം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിലുള്ള പരിഷത്ത് പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 27ന് ഇരുണ്ട കാലത്തെ മാധ്യമ പ്രവർത്തനം എന്ന വിഷയത്തിൽ പരിഷദ്ഭവനിൽ ചർച്ച സംഘടിപ്പിച്ചു. അച്ചടി മാധ്യമത്തെ കുറിച്ച് ബിജി കുര്യനും (ദേശാഭിമാനി ചീഫ് റിപ്പോർട്ടർ) സാമൂഹ്യ മാധ്യമങ്ങളെ കുറിച്ച് സനോജ് സുരേന്ദ്രനും (റിപ്പോർട്ടർ, ന്യൂസ് 18 ചാനൽ) ദൃശ്യമാധ്യമത്തെ കുറിച്ച് ടി.പി.പ്രശാന്തും (ചീഫ് റിപ്പോർട്ടർ, കൈരളി T. V) വിഷയം അവതരിപ്പിച്ചു. മനോഹരൻ, പ്രകാശൻ എന്നിവർ ചർചയിൽ പങ്കെടുത്തു.ജില്ലാ സെക്രട്ടറി K. സനോജ് യോഗത്തിന് സ്വാഗതം ആശംസിച്ചു.

## കാസർഗോഡ് ജില്ലാ സമ്മേളനം - ബദലുൽപ്പന്ന പ്രചരണം



കൊടക്കാട് : ശാസ്ത്രസാഹിത്യ പരിഷത്ത് കാസർഗോഡ് ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി ബദലുൽപ്പന്ന പ്രചരണത്തിന് തുടക്കമായി. ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഉൽപ്പന്നങ്ങൾക്ക് ബദലായി പാലക്കാട് ഐ.ആർ.ടി.സി.യിൽ ഉൽപ്പാദിപ്പിച്ച ഗാർഹിക ഉപഭോഗവസ്തുക്കളായ ചൂടാറാപ്പെട്ടി, ഡിറ്റർജൻറുകൾ, സോപ്പുൽപ്പന്നങ്ങൾ എന്നിവയാണ് പ്രചരിപ്പിക്കുന്നത്. സംഘാടക സമിതി വൈസ് ചെയർമാൻ പി.പി.സുകുമാരൻ ഉദ്ഘാടനം ചെയ്തു. പരിഷത്ത് ജില്ലാ പ്രസിഡണ്ട് പ്രദീപ് കൊടക്കാട് അധ്യക്ഷത വഹിച്ചു. സി.ശശികുമാർ, എം.പത്മിനി, നിരഞ്ജൻ.എസ് എന്നിവർ സംസാരിച്ചു.

## പാലക്കാട് പരിഷത്ത് ഉപവാസ സമരം



ഉപവാസ സമരം തൃശ്ശൂർ ജില്ലാ വികസന സബ്കമ്മിറ്റി കൺവീനർ കെ.കെ.അനീഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു

പാലക്കാട് : നിർദിഷ്ട നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി ഓർഡിനൻസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പാലക്കാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർച്ച് 18ന് കളക്ടറേറ്റിനു മുന്നിൽ നടന്ന ഉപവാസ സമരം തൃശ്ശൂർ ജില്ലാ വികസന സബ്കമ്മിറ്റി കൺവീനർ കെ.കെ.അനീഷ് കുമാർ ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ മുണ്ടൂർ IRTC റിസർച്ച് കോർഡിനേറ്റർ ബി.എം.മുസ്തഫ, രജിസ്ട്രാർ പി.കെ.നാരായണൻ, ജില്ലാ കമ്മിറ്റിയംഗങ്ങളായ അനിതമുരളീധരൻ, സുനിൽകുമാർ.എം, സുനിൽകുമാർ.കെ, മുരളീധരൻ എന്നിവർ സംസാരിച്ചു.

ജില്ലാപ്രസിഡണ്ട് പി.അരവിന്ദാക്ഷൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാസെക്രട്ടറി കെ.എസ്. നാരായണൻകുട്ടി സ്വാഗതവും ജില്ലാ ട്രഷറർ കെ.അരവിന്ദാക്ഷൻനന്ദിയും രേഖപ്പെടുത്തി.

## സ്റ്റീഫൻ ഹോക്കിങ്ങിനെ അനുസ്മരിച്ചു.



കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിച്ച സ്റ്റീഫൻ ഹോക്കിങ്ങ് അനുസ്മരണ സമ്മേളനത്തിൽ ഡോ. ടൈറ്റസ് കെ.മാത്യു മുഖ്യ പ്രഭാഷണം നടത്തുന്നു.

തൃശ്ശൂർ: പ്രപഞ്ചത്തിന്റെ തുടക്കത്തിന്റെ തുടക്കവും തമോഗർത്തങ്ങളുടെ ഒടുക്കവും ശാസ്ത്രീയമായി പ്രവചിച്ച അസാമാന്യ പ്രതിഭയാണ് ഈയിടെ അന്തരിച്ച വിഖ്യാത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ്ങ് എന്ന് കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ ഊർജ്ജതന്ത്ര വിഭാഗം പ്രൊഫസർ ഡോ. ടൈറ്റസ് കെ മാത്യു പറഞ്ഞു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മാർച്ച് 23ന് സാഹിത്യ അക്കാദമിയിൽ വച്ച് സംഘടിപ്പിച്ച അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രപഞ്ചശാസ്ത്രത്തിലും (കോസ്മോളജി) തമോഗർത്തങ്ങളെ സംബന്ധിച്ച പഠനത്തിലും (ബ്ലാക്ക് ഹോൾസ്) അദ്ദേഹം ശാസ്ത്രലോകത്തിനു നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്ന് ഡോ. ടൈറ്റസ് പറഞ്ഞു. സ്ഥിര സ്ഥിതി സിദ്ധാന്തം അട്ടിമറിച്ചാണ് വികസിക്കുന്ന പ്രപഞ്ചം (Expanding Universe) എന്ന സിദ്ധാന്തത്തെ ശക്തമായ തെളിവുകളോടെ ഹോക്കിങ്ങ് പിന്തുണച്ചത്. ഗാലക്സികൾ അകന്നുപോകുന്നു എന്നതാണ് ഈ സിദ്ധാന്തത്തിന്റെ കാതൽ. എന്നാൽ, ഭീമൻ നക്ഷത്രങ്ങൾ എരിഞ്ഞടങ്ങിയുണ്ടാകുന്ന തമോഗർത്തങ്ങളെ പറ്റിയുള്ള പഠനമാണ് അദ്ദേഹത്തിന്റെ മികച്ച സംഭാവന. തമോഗർത്തങ്ങളിൽ നിന്ന് ഒന്നും വരുന്നില്ല എന്ന നിലവിലുണ്ടായിരുന്ന ആശയത്തെ അദ്ദേഹം ചോദ്യംചെയ്തു. ഹോക്കിങ്ങ് റേഡിയേഷൻ എന്ന പേരിൽ പിന്നീട് അറിയപ്പെട്ട വികിരണങ്ങൾ സംബന്ധിച്ച അറിവ് ശാസ്ത്രലോകത്തിന് ലഭിച്ച വലിയ നേട്ടമാണ്. കേന്ദ്രസർക്കാരിന്റെ ഗവേഷണ സ്ഥാപനമായ സീമെറ്റ് - ലെ ശാസ്ത്രജ്ഞ ഡോ.ടി.രാധിക അധ്യക്ഷത വഹിച്ചു. വാനനിരീക്ഷകനായ പി.ആർ.ചന്ദ്രമോഹൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കോഡിനേറ്റർ പ്രൊഫ.കെ.ആർ. ജനാർദനൻ, ഡോ.എ. പി. ജയദേവൻ, പരിഷത്ത് ജില്ലാ സെക്രട്ടറി കെ.എസ്. സുധീർ, ശാസ്ത്രാവബോധ സമിതി ജില്ലാ കൺവീനർ ടി. സത്യനാരായണൻ എന്നിവർ സംസാരിച്ചു. ടി.ആർ. ചന്ദ്രദത്ത് മാസ്റ്ററുടെ നിര്യാണത്തിൽ സമ്മേളനം അനുശോചിച്ചു.

## ജനറൽ സെക്രട്ടറിയുടെ കത്ത്

പരിഷത്ത് ഏറ്റവും കൂടുതൽ ഇടപെട്ടുകൊണ്ടിരിക്കുന്ന രണ്ട് മേഖലകളാണ് പരിസരവും വിദ്യാഭ്യാസവും. എന്നാൽ എത്ര ഇടപെട്ടാലും നമുക്ക് പലപ്പോഴും സംതൃപ്തി കിട്ടാത്തതും ഇടപെടുന്തോറും ലക്ഷ്യം വളരെ അകലെയാണെന്ന് തോന്നുന്നതുമായ മേഖലകളുമാണിത്. നെൽവയലുകൾ നികത്തപ്പെടുന്നത്, വനശോഷണം, ഇടനാടൻ കുന്നുകളുടെ നാശം, പശ്ചിമഘട്ടത്തിലെ അമിത നിർമാണങ്ങൾ, തീരദേശമേഖലകളിലെ CRZ നിയമലംഘനങ്ങൾ, വികസനപ്രവർത്തനങ്ങൾ മൂലം പരിസ്ഥിതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അപരിഹാര്യ നഷ്ടങ്ങൾ എന്നിവയെല്ലാം വർധിച്ചുകൊണ്ടേയിരിക്കുകയാണ്. ഇതുപോലെത്തന്നെയാണ് വിദ്യാഭ്യാസരംഗവും. ഒരു ഭാഗത്ത് പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമ്പോൾ തന്നെയാണ് മറുഭാഗത്ത് പൊതുവിദ്യാലയങ്ങളിലെ സമാന്തര ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളും അൺ എയ്ഡഡ് വിദ്യാലയങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നത്. പൊതുവിദ്യാലയങ്ങളുടെ നിലവാരം വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾക്ക് എല്ലാവരുടെയും പിന്തുണ നേടിയെടുക്കുന്നതിന് നമുക്ക് ഇപ്പോഴുമായിട്ടില്ല. ഹയർസെക്കണ്ടറി മേഖലയിലെ സിലബസ്, പഠനഭാരം, സ്കൂൾസമയം കോമ്പിനേഷൻസ് എന്നിവയുമായി ബന്ധപ്പെട്ട അശാസ്ത്രീയതകളെയും അഭിസംബോധന ചെയ്യാൻ നമുക്കിതേവരെ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ ഗവേണൻസ് കുറേക്കൂടി കാര്യക്ഷമമാക്കിയാലേ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന കുട്ടികളുടെ അവകാശത്തെ യാഥാർത്ഥ്യമാക്കാൻ കഴിയൂ. SSA, RMSA തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനവും സമാന്തര രീതിയിൽ നിന്നും മാറി ജനകീയതലം വികസിപ്പിച്ചുകൊണ്ട് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനിടയിലാണ് അംഗീകാരം ഇല്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾ ഇപ്പോൾ പൂട്ടില്ല എന്ന് സർക്കാർ ഹൈക്കോടതിക്ക് സത്യവാങ്മൂലം നൽകിയിരിക്കുന്നത്. സ്വാശ്രയവിദ്യാഭ്യാസരംഗത്ത് അനധികൃതമായി പ്രവേശനം നേടിയ വിദ്യാർഥികളെ സംരക്ഷിക്കാൻ പ്രത്യേക ഓർഡിനൻസ് തന്നെ ഉണ്ടാക്കുന്നത്.

ഇത്രയും പറഞ്ഞത് പരിസ്ഥിതി രംഗത്തും വിദ്യാഭ്യാസ രംഗത്തും നമ്മുടെ ഇടപെടലുകൾ കുറച്ചുകൂടി മെച്ചപ്പെടുത്തണമെന്ന് അഭ്യർഥിക്കാൻ ആണ്. പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതികൾ, പിടിഎകൾ എന്നിവയിൽ ഇടപെട്ടുകൊണ്ട് പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനുള്ള ഇടപെടൽ പ്രവർത്തനങ്ങൾ യൂണിറ്റുകളുടെയും മേഖലകളുടെയും നേതൃത്വത്തിൽ ഉണ്ടാക്കിയെടുക്കണം.

പ്രാദേശിക ജലസംരക്ഷണ പ്രവർത്തനങ്ങളിലും സൂക്ഷ്മപരിസ്ഥിതി പ്രശ്നങ്ങളിലും പഠനഗ്രൂപ്പുകൾ ഉണ്ടാക്കി പ്രവർത്തിക്കാനും നമുക്ക് കഴിയണം. ഇതിന് മേഖല, ജില്ല വാർഷികങ്ങളിൽ വിദ്യാഭ്യാസവും പരിസ്ഥിതിയും വികസനവും ജില്ലകളിലെ പ്രധാന ചർച്ചാവിഷയമാകണം.

സ്നേഹത്തോടെ
ടി.കെ.മീരാഭായ്
ജനറൽ സെക്രട്ടറി

**പത്രക്കുറിപ്പ്**

## പശ്ചാത്തലമേഖലയിലെ നിർമാണപ്രവർത്തനങ്ങൾക്ക് വയലുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയസമീപനം രൂപപ്പെടുത്തണം

പശ്ചാത്തല വികസനത്തിനുള്ള നിർമാണപ്രവർത്തനങ്ങൾക്കായി നെൽവയൽ നികത്തുന്നത് അഭികാമ്യമോ എന്ന പ്രശ്നമാണ് കീഴാറ്റൂരിലെ ബൈപ്പാസ് നിർമാണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ളത്. ഇത് കീഴാറ്റൂരിലെ മാത്രമായ സവിശേഷ പ്രശ്നമല്ല. അവിടെ മാത്രം ഉണ്ടാകുന്ന സംഘർഷവുമല്ല. കേരളത്തിന്റെ വിവിധപ്രദേശങ്ങളിൽ ഇത്തരത്തിലുള്ള നിർമാണപ്രവർത്തനങ്ങൾക്കായി നെൽവയലും മറ്റ് തണ്ണീർത്തടങ്ങളും നികത്തിയിട്ടുണ്ട്. സമാനമായ പല പ്രോജക്ടുകളും ഇനിയും തയ്യാറാകുന്നുമുണ്ട്. അതുകൊണ്ട് കീഴാറ്റൂരിൽ ഉണ്ടായതുപോലെയുള്ള സംഘർഷങ്ങൾ കേരളത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടാകാനുള്ള സാദ്ധ്യതകൾ തള്ളിക്കളയാനാവില്ല.

ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കണ്ണൂർ ജില്ലാ കമ്മിറ്റി കീഴാറ്റൂരിലെ പ്രശ്നം പരിശോധിക്കുകയും പ്രശ്നപരിഹാരത്തിനുള്ള ബദലെന്ന നിലയിൽ ഫ്ളൈ ഓവർ അടക്കമുള്ള നിർമിതികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതടക്കം മൂന്ന് അലൈൻമെന്റുകളാണ് ഇപ്പോൾ ചർച്ചയിലുള്ളത്. ഫ്ളൈ ഓവറുകളും പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന വിമർശനം ഉയർന്നിട്ടുണ്ട്. ഇത്തരത്തിൽ ഉണ്ടാകുന്ന എല്ലാ പ്രാദേശിക സംഘർഷങ്ങളും ഫ്ളൈ ഓവർ നിർമിച്ച് പരിഹരിക്കാൻ കഴിഞ്ഞുവെന്നുവരില്ല. അതായത് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഉണ്ടായേക്കാവുന്ന ഇത്തരം തർക്കങ്ങൾക്ക് പരിഹാരമായി വാർപ്പുമാതൃകയിലുള്ള ഒരു നിർദ്ദേശമില്ലതന്നെ. എന്നാൽ ഇത്തരം സംഘർഷങ്ങൾ എങ്ങനെയാണ് പരിഹരിക്കേണ്ടതെന്നതിന് ഒരു പ്രവർത്തനമാതൃകയുണ്ടാകേണ്ടതുണ്ട്. കഴിഞ്ഞ നാല് പതിറ്റാണ്ടുകൊണ്ട് കേരളത്തിൽ ആറ് ലക്ഷത്തോളം ഹെക്ടർ നെൽവയൽ നികത്തപ്പെട്ടിട്ടുണ്ട് എന്ന വസ്തുത ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. കേരളം നേരിടുന്ന ജലക്ഷാമത്തിന്റേയും കാലാവസ്ഥാദുരിതത്തിന്റേയും പരിസ്ഥിതി പ്രശ്നങ്ങളുടേയും പശ്ചാത്തലത്തിൽ നെൽവയലും തണ്ണീർത്തടങ്ങളും നികത്തിയുള്ള എതു നിർമാണപ്രവർത്തനങ്ങളും എതിർക്കപ്പെടുക തന്നെ ചെയ്യും. അത്തരം എതിർപ്പുകൾ ശാസ്ത്രദൃഷ്ട്യാ ശരിയുമാണ്. ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രവർത്തനക്ഷമമായ ഒരു പദ്ധതി ഉണ്ടാവേണ്ടതുണ്ട്. അതാകട്ടെ ലഭ്യമായ എല്ലാ വിവരങ്ങളും പരിശോധിച്ച് പാരിസ്ഥിതികവും സാമൂഹ്യവുമായ ആഘാതം ഏറ്റവും കുറഞ്ഞ നിർദ്ദേശം സ്വീകരിക്കുകയെന്നതാവണം. ഇങ്ങനെയൊരു പൊതുസമീപനം രൂപപ്പെടുന്നതിന് കീഴാറ്റൂരിലെ ഇപ്പോഴത്തെ ചർച്ച കാരണമാകുമെന്ന് പരിഷത്ത് പ്രത്യാശിക്കുന്നു. ആകയാൽ തളിപ്പറമ്പ് ബൈപ്പാസുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ അലൈൻമെന്റു നിർദ്ദേശങ്ങളും പരിശോധിച്ച് പാരിസ്ഥിതികവും സാമൂഹ്യവുമായ ആഘാതങ്ങൾ ഏറ്റവും കുറച്ചുകൊണ്ട് നടപ്പാക്കാനാവുന്ന അലൈൻമെന്റ് നിർദ്ദേശിക്കാനായി നാറ്റ്പാക്കി(NATPAK)ലെ വിദഗ്ധരെയും പരിസ്ഥിതി ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തി ഒരു വിദഗ്ധസമിതിയെ നിയോഗിക്കണമെന്നും ഈ സമിതി കണ്ടെത്തുന്ന നിർദ്ദേശം ബഹുജനങ്ങൾക്കിടയിൽ ചർച്ച ചെയ്ത് സമവായത്തിലൂടെ നടപ്പാക്കുന്നതിന് മുൻകയ്യെടുക്കണമെന്നും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

## കുറവക്കര കുന്ന് സംരക്ഷണം

പത്തനംതിട്ട : ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിലെ കുന്നന്താനം പഞ്ചായത്തിൽ നെടുങ്ങാട പ്പള്ളിക്ക് സമീപം കുറവക്കര കുന്നിന്റെ സംരക്ഷണത്തിന് ഏപ്രിൽ 15ന് മനുഷ്യചങ്ങലയും മാർച്ച് 25ന് ഓപ്പൺ ഫോറവും. കുന്ന് സംരക്ഷിക്കുവാൻ ചേർന്ന പ്രതിരോധ സംഗമത്തിലാണ് ജനിച്ച മണ്ണിനെ മുറുകെപ്പിടിക്കുമെന്ന പ്രഖ്യാപനത്തോടെ ജനങ്ങൾ രംഗത്തെത്തിയത്. വടക്കേപ്പറമ്പിൽ ബാബുച്ചായനും പ്ലാന്തോട്ടത്തിൽ സണ്ണിച്ചായനും വിന്നീസ്സ് സാറും പ്ലാന്തോട്ടത്തിൽ കൊച്ചുമോൻച്ചായനും ഗിരീഷും (cpi.m ബ്രാഞ്ച് സെക്രട്ടറി ) യും ഉൾപ്പെടെ ചർച്ചയിൽ പങ്കെടുത്തവർക്കെല്ലാം ഒരേ സ്വരമായിരുന്നു. പരിസ്ഥിതിയോടുള്ള സമീപനവും മണ്ണിന്റെയും കുന്നിന്റെയും സംരക്ഷണത്തിന്റെ പ്രാധാന്യവും പരിഷത്ത് ജില്ലാ സെക്രട്ടറി രാജൻ.ഡി.ബോസ് വിശദീകരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കുറുപ്പ് ചേട്ടൻ ഒരു നാടിന്റെ പിന്തുണ അറിയിച്ചു.

## "കളിവീടും കുട്ടിപ്പൂരവും" ഏകദിന ക്യാമ്പ്



അബുദാബി : ഫ്രണ്ട്സ് ഓഫ് കെ.എസ്.എസ്.പി അബുദാബി യൂണിറ്റും യുവ കലാസാഹിതിയും ചേർന്ന് മാർച്ച് 23-ന് അബുദാബി മലയാളി സമാജത്തിൽ "കളിവീടും കുട്ടിപ്പൂരവും" എന്നപേരിൽ ഏകദിന ക്യാമ്പ് നടത്തി. ശാസ്ത്രം, കളികൾ, അഭിനയം എന്നിങ്ങനെയുള്ള സർഗാത്മക ശില്പശാലകളിലായി നൂറോളം കുട്ടികൾ പങ്കെടുത്തു. 'ശാസ്ത്രലോകം ബൈജുരാജ്' കുട്ടികളുടെ സംശയങ്ങൾക്ക് മറുപടികൾ കൊടുത്തു. സുനിൽ ഈ പി, ധനേഷ് കുമാർ എന്നിവർ നേതൃത്വം നൽകി.

# കേരളപഠനം ജില്ലാതല പരിശീലനങ്ങൾ പൂർത്തിയാകുന്നു

## കേരളപഠനം വയനാട് ജില്ലാതല പരിശീലനം പൂർത്തിയായി

കൽപറ്റ : രണ്ടാം കേരള പഠനത്തിന് നേതൃത്വം നല്കേണ്ടവർക്കായുള്ള ജില്ലാതല ശില്പശാല കല്പറ്റ ഗവ.എൽ.പി സ്കൂളിൽ പരിഷത്ത് ജില്ലാ പ്രസിഡണ്ട് പി.സുരേഷ്ബാബു ഉദ്ഘാടനം ചെയ്തു. പരിഷത്തും പഠനവും എന്ന വിഷയം പി.സി.മാത്യു അവതരിപ്പിച്ചു. കേരള പഠനത്തിന്റെ പ്രത്യേകതകളും ചോദ്യാവലിയും ഡിജിറ്റൽ ചോദ്യാവലിയും എം.എം.ടോമി പരിചയപ്പെടുത്തി. അംഗങ്ങൾ ഗ്രൂപ്പു തിരിഞ്ഞ് ചോദ്യാവലി ചർച്ച ചെയ്തു. സംശയങ്ങളും നിർദ്ദേശങ്ങളും പൊതുവായി അവതരിപ്പിച്ചു. തുടർന്ന് വീഡിയോകളും പരിചയപ്പെടുത്തി. കേരളം എങ്ങനെ ജീവിക്കുന്നു 'എങ്ങനെ ചിന്തിക്കുന്നു? എന്ന പഠനത്തിന്റെ മുൻഅനുഭവം ആസ്വദിച്ചവരായിരുന്നു



കേരള പഠനം ശില്പശാല പരിഷത്ത് ജില്ലാ പ്രസിഡണ്ട് പി.സുരേഷ് ബാബു ഉദ്ഘാടനം ചെയ്യുന്നു.

പങ്കാളികളിൽ അധികവും. അഞ്ച് പുതിയ പ്രവർത്തകരും ഉണ്ടായിരുന്നു. നാല് മേഖലകളിലേയും കോർ ഗ്രൂപ്പ് ശില്പശാലയിൽ പങ്കെടുത്തു. അവരുടെ നേതൃത്വത്തിൽ മേഖലാസമ്മേളനങ്ങളിൽ മേഖലാപഠന ഗ്രൂപ്പ് രൂപീകരിക്കുന്നതിനും തുടർന്ന് മേഖലാതലത്തിൽ പരിശീലനം നല്കുന്നതിനും തീരുമാനമായി. ജില്ലാസെക്രട്ടറി പി.ആർ. മധുസൂദനൻ സ്വാഗതവും ട്രഷറർ പി.അനിൽകുമാർ നന്ദിയും പറഞ്ഞു.

## കേരളപഠനം പരിശീലനം




കോഴിക്കോട് ജില്ലാ തല പരിശീലനത്തിന്റെ ആദ്യ ക്ലസ്റ്റർ മാർച്ച് 21ന് വടകരയിൽ നടന്നു. ആറു മേഖലകളിൽ നിന്നായി 40 പേർ പങ്കെടുത്തു. എൻ ശാന്തകുമാരി, കെ. അശോകൻ, പി.എൻ. പ്രേമരാജൻ, ശ്രീശൻ, സൂരജ്, പി.പി. രഞ്ജിനി ടീച്ചർ, കെ.രാധൻ എന്നിവർ നേതൃത്വം നൽകി. രണ്ടാം ക്ലസ്റ്റർ 29ന് കോഴിക്കോട് വച്ചും നടന്നു.

## കേരള പഠനം കൊല്ലം പരിശീലനം




കൊല്ലം ജില്ലാ തല പരിശീലനത്തിൽ 105 പേർ പങ്കെടുത്തു. I2 മേഖലകളിൽ നിന്നുള്ള പങ്കാളിത്തമാണ് ഉണ്ടായിരുന്നത്. 20 പേർ വനിതകൾ ആയിരുന്നു. രാവിലെ 11 മണിക്ക് ശില്പശാല ആരംഭിച്ചു: ജില്ലാ പ്രസിഡണ്ട് സമാരംഭത്തിന് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സ്വാഗതം പറഞ്ഞു. 'തുടർന്ന് പരിഷത്തും പഠനവും' ബി രമേഷ് അവതരിപ്പിച്ചു. ഓൺലൈൻ പരിശീലനത്തിന് മനു, ശ്രീകുമാർ, ജോസ്, സുജിത് എന്നിവർ നേതൃത്വം നൽകി.

## രണ്ടാം കേരളപഠനം തൃശ്ശൂരിൽ പരിശീലനം പൂർത്തീകരിച്ചു

തൃശ്ശൂർ : രണ്ടാം കേരള പഠനത്തിന്റെ ഭാഗമായുള്ള ആദ്യഘട്ട ക്ലസ്റ്റർ പരിശീലനങ്ങൾ തൃശ്ശൂർ ജില്ലയിൽ പൂർത്തിയായി. ജില്ലയിലെ നാല് കേന്ദ്രങ്ങളിലായി മാർച്ച് 29ന് നടന്ന പരിശീലനങ്ങളിൽ 269 പേർ പങ്കെടുത്തു. ബി.ആർ.സി ഹാൾ വടക്കാഞ്ചേരി കേന്ദ്രത്തിൽ നടന്ന പരിശീലനത്തിൽ തൃശ്ശൂർ, ഒല്ലൂക്കര, ചേലക്കര, വടക്കാഞ്ചേരി മേഖലകളിൽ നിന്നുള്ള പ്രവർത്തകർ പങ്കെടുത്തു. പി.മുരളീധരൻ, ഡോ.അജേഷ്, ഇന്ദുലേഖ കാര്യാട്ട് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. 53 പേരായിരുന്നു ഇവിടെ പങ്കെടുത്തത്. തൃപ്രയാർ, അന്തിക്കാട്, കുന്നംകുളം, ചാവക്കാട് മേഖലകളിലെ പ്രവർത്തകർക്കുള്ള പരിശീലനം ചാവക്കാട് മുതുവട്ടൂർ ജി.എച്ച്.എസ്.എസിൽ വച്ച് നടന്നു. വി.മനോജ് കുമാർ, കെ.എ.മിനി, കെ.എസ്. സുധീർ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 78 പേർ പങ്കെടുത്തു. എസ്.എൻ.എച്ച്.എസ്.എസ് ഇരിങ്ങാലക്കുട കേന്ദ്രത്തിൽ ചാലക്കുടി, കൊടകര, ചേർപ്പ്, ഇരിങ്ങാലക്കുട മേഖലകളിലെ പ്രവർത്തകർക്ക് പരിശീലനം നൽകി. 65 പേരാണ് പങ്കെടുത്തത്. കെ.കെ.അനീഷ് കുമാർ, ഡോ.ഡി.ഷൈജൻ, ശ്രീനാഥ് എന്നിവർ വിവിധ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. പുത്തൻചിറ, കൊടുങ്ങല്ലൂർ, മതിലകം മേഖലകളിലെ പ്രവർത്തകർക്കുള്ള പരിശീലനം എസ്.എൻ പുരം പാപ്പിനിവട്ടം എൽ.പി സ്കൂളിൽ വച്ച് നടന്നു. 53 പേർ പങ്കെടുത്തു. പി.രാധാകൃഷ്ണൻ, ഡോ.സി.സി.ബാബു, അനിൽ കാട്ടിക്കുളം, അന്നപൂർണേശ്വരി, ആശാപൂർണിമ എന്നിവർ പരിശീലനങ്ങൾക്ക് നേതൃത്വം നൽകി.

## പാലിയേക്കര – മണ്ണുത്തി ബൈപ്പാസിലെ പാടങ്ങൾക്ക് സംഭവിച്ചതെന്ത്? : ഒരു അന്വേഷണം

**കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കൊടകര മേഖല.**

1. ആകെ 8.800 കി.മീ. ദൂരം ബൈപ്പാസിൽ 2.850 കി.മീ. ദൂരം പാടങ്ങളായിരുന്നു.

2. 1987-ൽ ബൈപ്പാസ് ഉദ്ഘാടനം ചെയ്ത വർഷം തന്നെ നെൽകൃഷിയും നിലച്ചുപോയി. ആദ്യകാലത്ത് ഒറ്റയൊറ്റ കർഷകരുടെ ശ്രമങ്ങളുണ്ടായിരുന്നു. എന്നാൽ പിന്നീട് അതും നിലച്ചുപോയി. കുട്ടനെല്ലൂർ തൊടുകുളം പാടത്ത് 2011 വരെയും നടത്തറ ഇലഞ്ഞിക്കുളം പാടത്ത് 2014 വരെയും യഥാക്രമം 6.5 ഏക്കറും, ഒരു ഏക്കറും നെൽകൃഷി നടന്നിരുന്നു.

3. നെൽവയൽ-തണ്ണീർത്തടസംരക്ഷണ നിയമം 2008 പ്രാബല്യത്തിലുള്ളപ്പോഴാണ് 2014 മുതൽ കുട്ടനെല്ലൂർ തൊടുകുളം പാടം മലബാർ ഗ്രൂപ്പ് ചുറ്റുമതിൽകെട്ടി നികത്തിയെടുത്തത്. ഹൈവേക്കിരുവശത്തും പുതുതായി നിരവധി വയൽ നികത്തലുകൾ നടന്നുകൊണ്ടിരിക്കുന്നു.

4. വയലുകളിൽ മാലിന്യം തള്ളുന്നതും-മാലിന്യം കൊണ്ടുതന്നെ വയലുകൾ നികത്തുന്നതും ഉപരിതല ജലസ്രോതസ്സുകളെയും - കുടിവെള്ള പദ്ധതികളെയും മലിനമാക്കുന്നു.

5. ഹൈവേക്കിരുവശവും മനുഷ്യമലവും-ആശുപത്രിമാലിന്യങ്ങളും തള്ളുന്ന 4 കേന്ദ്രങ്ങളുണ്ട്. ഇതിനെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ആരോഗ്യവകുപ്പ് അധികൃതരോ, ഹൈവേ അതോറിറ്റിയോ ഫലപ്രദമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല.

6. 2008-ലെ നെൽവയല് -തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പിൻബലത്തിൽ തരിശ്ശുനിലം കൃഷിചെയ്യുന്നതിനുള്ള ശ്രമം നടത്തി വിജയിച്ചത് (2018-മുണ്ടകൻ) ഒല്ലൂക്കര കൃഷിഭവൻ പരിധിയിലുള്ള ഇലഞ്ഞിക്കുളം പാടത്ത് മാത്രമാണ്. 12.5 ഏക്കർ സ്ഥലത്ത് നെൽകൃഷി നടന്നു. എന്നാൽ കൊയ്ത്തു കഴിഞ്ഞ ഉടനെ 6.5 ഏക്കർ സ്ഥലം ഉടമകൾ കോൺക്രീറ്റ് കാലുകളിട്ട് തിരിച്ചു. ബാക്കി 6 ഏക്കറോളം പാടത്തിന്റെ ഉടമകൾ നിലം മൊബിലിറ്റി ഹബ്ബിനുവേണ്ടി നികത്തിയെടുക്കാൻ തൃശൂർ കോർപ്പറേഷന് സമ്മതപത്രം നൽകി.

7. ബൈപ്പാസ് ദൂരപരിധിയിൽ 26 ഓട്ടോമൊബൈൽ സ്ഥാപനങ്ങളുണ്ട്. ഷോറൂം-സർവ്വീസ് സ്റ്റേഷൻ-വർക്ക്ഷോപ് എന്നിങ്ങനെയായി ഇവ വ്യാപരിക്കുന്നു. ഇതിൽ ബി.ആർ.ഡി., മഹീന്ദ്ര എന്നീ രണ്ടു സ്ഥാപനങ്ങൾ രണ്ടു പാടശേഖരങ്ങളുടെ വലിയൊരു പങ്കും അപഹരിക്കുന്നു. മൊത്തം സ്ഥാപനങ്ങളിൽ ഓട്ടോമൊബൈൽ സ്ഥാപനങ്ങളാണ് ഏറ്റവും കൂടുതൽ. രണ്ടാമതായി നിർമ്മാണ സാമഗ്രികൾ വിറ്റഴിക്കുന്ന സ്ഥാപനങ്ങളും. ഇവ രണ്ടും ചേർന്നാൽ മൊത്തം സ്ഥാപനങ്ങളുടെ 90 ശതമാനമാകും.

## സ്റ്റീഫൻ ഹോക്കിങ്ങ് അനുസ്മരണ പ്രഭാഷണം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കോട്ടയം ജില്ലാ കമ്മറ്റിയുടേയും CMS കോളേജ് ഭൗതികശാസ്ത്ര വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സ്റ്റീഫൻ ഹോക്കിങ്ങ് അനുസ്മരണ പ്രഭാഷണം 2018 മാർച്ച് 23, വെള്ളിയാഴ്ച CMS കോളേജിൽ വച്ച് സംഘടിപ്പിച്ചു.ഡോ. ഇന്ദുലേഖ (ഡയറക്ടർ, ഭൗതികശാസ്ത്ര വിഭാഗം, M G യൂണിവേഴ്സിറ്റി, കോട്ടയം) അനുസ്മരണ പ്രഭാഷണം നടത്തി. P പ്രകാശൻ (കൺവീനർ, വിദ്യാഭ്യാസം വിഷയസമിതി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ) അധ്യക്ഷനായ യോഗത്തിൽ ഡോ.രാജഗോപാൽ (ഭൗതികശാസ്ത്ര വിഭാഗം, CMS കോളേജ്) സ്വാഗതവും, വിജു K N(ജി.കമ്മറ്റിയംഗം, ശാസ്ത്രസാഹിത്യ പരിഷത്ത് ) നന്ദിയും പറഞ്ഞു.

## ഭൗമമണിക്കൂർ സന്ദേശജാഥ

കോലഴി: ശാസ്ത്രസാഹിത്യ പരിഷത്ത് ഒല്ലൂക്കര മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോലഴിയിൽ വച്ച് ഭൗമമണിക്കൂർ സന്ദേശജാഥ സംഘടിപ്പിച്ചു. മാർച്ച് 24ന് ശനിയാഴ്ച 8.30 മുതൽ 9.30 വരെയുള്ള ഭൗമമണിക്കൂർ ആചരണത്തിൽ ലൈറ്റുകളും ഫാനുകളും എ.സി, ഫ്രിഡ്ജ് മുതലായവയും ഓഫാക്കി വൈദ്യുതോപയോഗം കുറച്ച് സഹകരിക്കണമെന്ന് നാട്ടുകാരോട് അഭ്യർത്ഥിച്ചായിരുന്നു ജാഥ. മേഖലാ പ്രസിഡണ്ട് ടി.വി. ഗോപീഹാസൻ, സെക്രട്ടറി സോമൻ കാര്യാട്ട്, എം.ഇ.രാജൻ, ഡോ.വി.എം.ഇക്ബാൽ, ഡോ.എസ്.എൻ.പോറ്റി, ടി.വി.രവീന്ദ്രൻ, എം.വി.അറുമുഖൻ, സി.ബാലചന്ദ്രൻ, വി.എൽ.സാവിത്രി, എം.എൻ ലീലാമ്മ, ജയശ്രീ, കെ.ബി. മധുസൂദനൻ, എം.കെ. മനോജ്, പി.അജിതൻ, സി.എ .കൃഷ്ണൻ, രജത് മോഹൻ, അംബിക സോമൻ, ടി.സത്യനാരായണൻ എന്നിവർ പങ്കെടുത്തു.

## ആനന്ദപുരം യൂണിറ്റ് വാർഷികം

ശാസ്ത്രസാഹിത്യ പരിഷത്ത് ആനന്ദപുരം യൂണിറ്റ് വാർഷികസമ്മേളനം മാർച്ച് 11ന് പ്രസിഡണ്ട് വി.ജി.രജനിയുടെ അധ്യക്ഷതയിൽ ആനന്ദപുരം ഗവൺമെന്റ് യു.പി. എസിൽ നടന്നു. യൂണിറ്റ് സെക്രട്ടറി എ.ടി.നിരൂപ് റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. ഇരിങ്ങാലക്കുട മേഖലാസെക്രട്ടറി റഷീദ് കാറളം യൂണിറ്റ് രേഖ അവതരിപ്പിച്ചു. തൃശ്ശൂർ ജില്ലാക്കമ്മിറ്റിയംഗം വി.എ.മോഹനൻ രണ്ടാം കേരളപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവതരണം നടത്തി. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡണ്ട് നളിനി ബാലകൃഷ്ണൻ, സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് പി.ഭാനുമതി ടീച്ചർ എന്നിവർ ആശംസകൾ നേർന്നു. പുതിയ ഭാരവാഹികൾ : പ്രസിഡണ്ട് - വി.ജി. രജനി, വൈസ്പ്രസിഡണ്ട് - പി.ഭാനുമതി ടീച്ചർ, സെക്രട്ടറി - എ.ടി.നിരൂപ്, ജോയിന്റ് സെക്രട്ടറി - സവിതാ ബാലകൃഷ്ണൻ.

## കാക്രത്തോടിന്റെ ഉത്ഭവംതേടി ഒരു യാത്ര

മഞ്ചേരി മേഖല പന്തല്ലൂർ യൂണിറ്റ് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകരും വിദ്യാർഥികളും ചേർന്ന് കാക്രത്തോട് നീർത്തട സംരക്ഷണ പദയാത്ര നടത്തി. തെക്കുമ്പാട് പ്രദേശത്തുകൂടി ഒഴുകി പന്തലൂർ പുളിക്കലിനപ്പുറം കടലുണ്ടിപ്പുഴയിൽ ചേരുന്ന കാക്രത്തോട് സംരക്ഷിക്കാനുള്ള പദ്ധതിയുടെ ആദ്യഘട്ടമായാണ് തോടിന്റെ ഉത്ഭവംതേടി പഠനയാത്ര സംഘടിപ്പിച്ചത്. തെക്കുമ്പാട്, അമ്പലവട്ടം, പുളിക്കൽ, വടക്കാൺ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കാർഷികാവശ്യത്തിന് ജലസേചനത്തിന് കേരള മെഡിക്കൽ ആൻഡ് സെയിൽസ് ഉപയോഗിക്കുന്നതാണ് ഈ തോട്. അരനൂറ്റാണ്ടിനുമുമ്പേ തനിയെ ഉണ്ടായ കാക്രത്തോടിന് സമാന്തരമായി മറ്റൊരു തോട് കർഷകർ നിർമിച്ചിട്ടുണ്ട്. രാവിലെ പന്തലൂർ അമ്പലവട്ടം പാടത്തിനടുത്ത് ഇ എം എസ് സ്മാരക മന്ദിരം പരിസരത്തുനിന്ന് ആരംഭിച്ച യാത്ര മണലിമ്മൽ, ആനപ്പാത്ത്, കാക്രത്തോട് ചിറ, കീടക്കുന്ന്, അത്തിക്കുണ്ട്, പൂളക്കൽ തോട്, പട്ടാളിപ്പാറ തോട്, മേലേ തെക്കുമ്പാട്, വാലാ തോട്, മൈലാടിപ്പടി, എരങ്കോൽ എന്നിവിടങ്ങൾ സഞ്ചരിച്ച് ഉത്ഭവ കേന്ദ്രമായ പന്തലൂർ മലയിലെ തവരക്കൊടിയിൽ സമാപിച്ചു.തോട്ടിലൊഴുക്കിയ പ്ളാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും സംഘം നീക്കംചെയ്തു. കർഷകരുമായും തോടിന്റെ സമീപവാസികളുമായും സംവദിച്ചു.

പരിഷത്തും പന്തലൂർ പൊതുജന വായനശാലയും സംയുക്തമായാണ് പഠനപദയാത്ര സംഘടിപ്പിച്ചത്.

## ജല സന്ദേശജാഥ സംഘടിപ്പിച്ചു




കോലഴി : കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ലോകജലദിനത്തോടനുബന്ധിച്ച് ജലസന്ദേശജാഥ സംഘടിപ്പിച്ചു. ജലസുരക്ഷ ജീവസുരക്ഷ, ശുദ്ധജലം നമ്മുടെ ജന്മാവകാശം, തണ്ണീർത്തടങ്ങളും നെൽവയലുകളും കുന്നുകളും കാടുകളും സംരക്ഷിക്കുക, അനധികൃത കുഴൽകിണർ നിർമാണം തടയുക, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുക, കിണർ റീചാർജിങ് നടത്തുക തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തിയായിരുന്നു കോലഴി തെരുവുകളിലൂടെയുള്ള സന്ദേശ ജാഥ. യൂണിറ്റ് പ്രസിഡണ്ട് സി.എ.കൃഷ്ണൻ, സെക്രട്ടറി രജത് മോഹൻ, സി.ബാലചന്ദ്രൻ, ദിവാകരൻ, ഡോ.എസ്.എൻ. പോറ്റി, കെ.വി. ആന്റണി, ടി.സത്യനാരായണൻ എന്നിവർ നേതൃത്വം നൽകി.

## വനിതാ - ശിശു സൗഹൃദ പഞ്ചായത്ത്: ഉറച്ച ചുവടുവെപ്പുകളോടെ പെരിഞ്ഞനം

പെരിഞ്ഞനം പഞ്ചായത്ത് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയുള്ള പഞ്ചായത്ത് എന്ന ലക്ഷ്യം വച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആവേശകരമായി മുന്നേറുന്നു. വാർഡ് തല ആലോചനായോഗങ്ങളെ തുടർന്നുള്ള പഞ്ചായത്ത് തല കൺവെൻഷൻ ,വാർഡ് തല ജാഗ്രതാസമിതി കൺവെൻഷനുകൾ, സ്ത്രീപദവി പഠനത്തിന്റെ ഭാഗമായ വിവരശേഖരണം, ജൻഡർ റിസോഴ്സ് സെൻറർ പ്രവർത്തനം തുടങ്ങിയവ നടന്നുവരുന്നു. സഞ്ചാര സ്വാതന്ത്ര്യത്തിനുള്ള ഇടപെടലുകളുടെ ഭാഗമായ കലുങ്ക് സമരം വലിയ ശ്രദ്ധ നേടി. ഈ പ്രവർത്തനങ്ങളുടെ ഊർജ്ജത്തിൽ മാർച്ച് 17, 18 തിയ്യതികളിലായി സംഘടിപ്പിച്ച തുല്യതാ ഇരുചക്രവാഹന വനിതാ വിളംബര റാലി ആവേശകരമായി. എല്ലാ വാർഡു കേന്ദ്രങ്ങളിലും സ്ത്രീകളുടെ ബൈക്ക് റാലിക്ക് ഹൃദ്യമായ സ്വീകരണം നല്കി. ജാഗ്രതാ സമിതികൾ പുന:സംഘടിപ്പിച്ചതിന്റെ രേഖകൾ സ്വീകരണ സമ്മേളനങ്ങളിൽ ഏറ്റുവാങ്ങി.ആദ്യ ദിവസം 70 വാഹനങ്ങളിലായി 100 സ്ത്രീകളും 20 പുരുഷന്മാരും രണ്ടാമത്തെ ദിവസം 40 വാഹനങ്ങളിലായി 80 സ്ത്രീകളും റാലിയിൽ പങ്കെടുത്തു. പ്രശസ്ത പാട്ടുകാരൻ ശ്രീ ഏങ്ങണ്ടിയൂർ കാർത്തികേയന്റെ നേതൃത്വത്തിലുള്ള ഓർക്കസ്ട്ര റാലിക്ക് കൊഴുപ്പേകി. ഇതിനു പുറമേ പ്രത്യേകം പരിശിലനം നേടിയ ഒരു സംഘം സ്ത്രീകൾ പരിഷത്ത് ഗീതങ്ങൾ പാടി. ഓരോ കേന്ദ്രങ്ങളിലും പ്രദേശികമായി ലഭ്യമാകുന്ന വിശിഷ്ട വ്യക്തികളാണ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. ആദ്യ കേന്ദ്രത്തിൽ റാലി ഉദ്ഘാടനം ചെയ്തു സംസാരിച്ചത് ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ കമ്മറ്റി അധ്യക്ഷയും ഇരിങ്ങാലക്കുട എം .എൽ.എ പ്രൊഫ. കെ.യു. അരുണന്റെ പത്നിയുമായ മഞ്ജുള അരുണൻ ആണ്. 15 കേന്ദ്രങ്ങളിലായി ആയിരത്തിലധികം സ്ത്രീകളും പുരുഷൻമാരും റാലിയെ സ്വീകരിക്കാനെത്തി. GRG അധ്യക്ഷ ബിന്ദുലോഹിതാക്ഷൻ ജാഥാ ക്യാപ്റ്റനും CDS ചെയർപേഴ്സൺ സുചിത വൈസ് ക്യാപ്റ്റനും എം.ജയശ്രി ജാഥാ മാനേജരുമായിരുന്നു. മാർച്ച് 20ന് പെരിഞ്ഞനം വനിതാ ശിശുസൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യത്തോടെ മുന്നേറുമെന്ന പ്രഖ്യാപന സമ്മേളനം നടന്നു. പ്രസിഡണ്ട് കെ.കെ.സച്ചിത്തിന്റെ അധ്യക്ഷതയിൽ അഞ്ഞൂറോളം സ്ത്രീ - പുരുഷന്മാർ പങ്കെടുത്ത സമ്മേളനം വനിതാ കമ്മീഷൻ ചെയർപേഴ്സൺ എം . സി. ജോസഫൈൻ ഉദ്ഘാടനം ചെയ്തു. വിളംബര റാലിയുടേയും പ്രഖ്യാപന സമ്മേളനത്തിൻറെയും സംഘാടനത്തിന്റെ ഭാഗമായി സ്ത്രീകളുടെ സംഘങ്ങൾ വിവിധ ഭാഗങ്ങളിൽ പോസ്റ്റർ പ്രചാരണം നടത്തി.പെരിഞ്ഞനം സെന്ററിൽ ഇരുട്ട് പരന്നിട്ടും സ്ത്രീകളുടെ ഒരു സംഘം സങ്കോചരഹിതമായി കവലയിൽ കൂടി പോസ്റ്റർ ഒട്ടിച്ച് ,കടകളിൽ കയറി, വഴിയിലുള്ളവരോടും വിശദീകരിച്ച്, വർത്തമാനം പറഞ്ഞ്, പാട്ട് പാടി ഉല്ലസിച്ച് നടന്നു. പെണ്ണുങ്ങളാണ് ഒതുങ്ങി നടക്കണം എന്ന "സാമാന്യ ബോധത്തെ " മറികടന്ന് സങ്കോചരഹിതമായി കൂസലില്ലാതെ ഇവിടെ പെണ്ണുങ്ങൾ നടക്കാൻ തുടങ്ങിയിരിക്കുന്നു.ആൺകുട്ടികളും ആണുങ്ങളും സ്വാഭാവികമായും കരുതുന്നത് പെണ്ണുങ്ങളല്ലേ അവർ ഒതുങ്ങി മാറി പോയ്ക്കോളും എന്നായിരിക്കും. എന്നാൽ കാലം മാറിക്കൊണ്ടിരിക്കുന്നു എന്ന സൂചനയാണ് ആയാസരഹിതമായയമായ, സങ്കോചരഹിതമായ പെൺനടത്തങ്ങൾ നൽകുന്നത്. സ്ത്രീകളുടെ നേതൃത്വത്തിൽ 3 ദിവസങ്ങളിലായി നടത്തിയ അനൗൺസ്മെന്റ് പ്രത്യേകശ്രദ്ധ ആകർഷിച്ചു. വ്യത്യസ്തമായ സ്വീകരണ രീതികൾ, പ്രായഭേദമെന്യേ സ്ത്രീകൾ അവതരിപ്പിച്ച പഴയതും പുതിയതുമായ കലാപരിപാടികൾ, സ്കിറ്റുകൾ, ഡാൻസ് കൈ കൊട്ടിക്കളി... വർണ്ണശബളമായ അലങ്കാരങ്ങൾ' നല്ല ഭക്ഷണം. ചിത്രരചനാ മത്സരങ്ങൾ ' നാസിക് ഡോൾ' പടക്കം പൊട്ടിക്കൽ തുടങ്ങി .... എന്തിനേറെ ഒരു ഉത്സവ അന്തരീക്ഷം തന്നെ ആയിരുന്നു പഞ്ചായത്തിൽ.

## പെരിഞ്ഞനത്ത് ജലസംരക്ഷണ ക്ലാസ്സുകൾ

പെരിഞ്ഞനം : ലോക ജലദിനവുമായി ബന്ധപ്പെട്ട് 5 ക്ലാസ്സുകൾ നടന്നു. 100 പേർ പങ്കെടുത്തു. സ്മിത സന്തോഷ്,ശാരിത, K. N.അജയൻ, M.D ദിനകരൻ എന്നിവർ ക്ലാസ് എടുത്തു. അങ്കണവാടി വർക്കർമാരായ ജയശ്രീ, ചിത്ര, ബിന്ദു, ബൈജു ഷീന എന്നിവർ സംഘാടനത്തിന് നേതൃത്വം നൽകി.

# മേഖലാ, യൂണിറ്റ് വാർഷികങ്ങൾ ആരംഭിച്ചു

## പുൽപ്പള്ളി മേഖല വാർഷികം

മുള്ളൻകൊല്ലി- പുല്പള്ളി മേഖല സമ്മേളനം ജില്ലാ പ്രസിഡണ്ട് പി.സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. രണ്ടാം കേരള പഠനത്തിന്റെ പ്രസക്തി പി.സി.മാത്യു വിശദീകരിച്ചു. 55-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി പരിസ്ഥിതി സെമിനാർ, പരിഷത്ത് ശാസ്ത്രമേള, ജനോത്സവം എന്നിവ പുല്പള്ളിയിൽ നടത്തുന്നതിനും തീരുമാനിച്ചു. സെക്രട്ടറി എം.എം.ടോമി റിപ്പോർട്ടും എ.സി. ഉണ്ണികൃഷ്ണൻ കണക്കും അവതരിപ്പിച്ചു. പ്രസിഡണ്ട് വി.എസ്. ചാക്കോ അധ്യക്ഷത വഹിച്ചു. സി.എം. ജോസഫ് സ്വാഗതവും എൻ. സത്യാനന്ദൻ മാസ്റ്റർ നന്ദിയും പറഞ്ഞു. പി.സി.മാത്യു പ്രസിഡന്റായും ഒ.കെ.പീറ്റർ സെക്രട്ടറിയായും 17 അംഗക്കമ്മറ്റിയെ തെരെഞ്ഞെടുത്തു.

## മുളന്തുരുത്തി മേഖലാ സമ്മേളനം

തിരുവാങ്കുളം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുളന്തുരുത്തി മേഖലയുടെ ഇരുപതാമത് വാർഷിക സമ്മേളനം തിരുവാങ്കുളം ജി.എച്ച്.എസിൽ നടന്നു. പ്രതിനിധി സമ്മേളനം സംഘടനാരേഖ അവതരിപ്പിച്ചുകൊണ്ട് ജില്ലാ സെക്രട്ടറി കെ.കെ.ഭാസ്കരൻ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് എ.ഡി. യമുന അധ്യക്ഷയായ യോഗത്തിൽ സംഘാടക സമിതി കൺവീനർ പി.സി.ശശി സ്വാഗതം പറഞ്ഞു. മേഖല സെക്രട്ടറി കെ.എൻ.സുരേഷ് 2017-18 ലെ വാർഷിക റിപ്പോർട്ടും ട്രഷറർ ജെ.ആർ. ബാബു വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. കേരള പഠനം എന്ത് എങ്ങനെ എന്ന വിഷയം ജില്ലാ ജോ: സെക്രട്ടറി എം.എസ്.ജയ അവതരിപ്പിച്ചു. ശാസ്ത്രഗതി മാനേജിംഗ് എഡിറ്റർ പി.എ. തങ്കച്ചൻ പ്രവർത്തനങ്ങളെ ക്രോഡീകരിച്ചു കൊണ്ട് സംസാരിച്ചു. ജില്ലാ ജോ: സെക്രട്ടറി എ.എ.സുരേഷിന്റെ നേതൃത്വത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ എ. ഡി.യമുന (പ്രസിഡണ്ട്), എൻ. പി. ശിശുപാലൻ (വൈസ് പ്രസിഡണ്ട്), കെ.എൻ.സുരേഷ്. (സെക്രട്ടറി), ജോസി വർക്കി (ജോ: സെക്രട്ടറി), ജെ.ആർ. ബാബു (ട്രഷറർ) ആയി തെരഞ്ഞെടുത്തു. യോഗത്തിന് മേഖല ജോ:സെക്രട്ടറി കെ.ജി. സധീഷ് നന്ദി പറഞ്ഞു.

## മേഖലാസമ്മേളനം



ചേളന്നൂർ : ശാസ്ത്രസാഹിത്യ പരിഷത്ത് ചേളന്നൂർ മേഖലാ സമ്മേളനം മാർച്ച് 29ന് വൈകീട്ട് കക്കോടിയിൽ ആരംഭിച്ചു.സ്വാഗസംഘം കൺവീനർ പി.എം.അശോകൻ അധ്യക്ഷത വഹിച്ച സമ്മേളനം ഗ്രാമപ്പഞ്ചായത്ത് പ്രസിഡണ്ട് കെ.കെ.ചോയിക്കുട്ടി ഉദ്ഘാടനം ചെയ്തു.പരിഷത്ത് ജില്ലാ പരിസ്ഥിതി കൺവീനർ പി.കെ.ബാലകൃഷ്ണൻ "കാലാവസ്ഥാവ്യതിയാനം ഉയർത്തുന്ന പ്രശ്നങ്ങൾ"എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡണ്ട് അശോകൻ ഇളവനി, ജില്ലാപഞ്ചായത്ത് അംഗം ജുമൈലത്ത്, എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രതിനിധി സമ്മേളനം ഗവ.എൽ.പി.സ്കൂൾ ഹാളിൽ മേഖലാപ്രസിഡണ്ട് പി.ബിജുവിൻറെ അധ്യക്ഷതയിൽ സിക്രട്ടറി സി.വിജയൻ റിപ്പോർട്ടും ട്രഷറർ എ.ഗോപാലകൃഷ്ണൻ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു.മേഖലാ ജോ സെക്രട്ടറി വാസു.വി.പി.സ്വാഗതവും സുജാഅശോകൻ നന്ദിയും പറഞ്ഞു.

## ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റ് വാർഷികവും സുഹൃദ് സംഗമവും



വാർഷികയോഗത്തിലും സുഹൃദ് സംഗമത്തിലും ആരോഗ്യ മേഖലയും വർധിച്ചു വരുന്ന ചികിത്സ ചെലവുകളും എന്ന വിഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗം മുൻ മേധാവി ഡോ :കെ .വിജയകുമാർ ക്ലാസ് എടുക്കുന്നു

തുരുത്തിക്കര : ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റ് വാർഷികവും തുടർന്ന് സുഹൃദ് സംഗമവും സംഘടിപ്പിച്ചു. ആശാരിപ്പുറത്ത് ജിതിൻ ഗോപിയുടെ വസതിയിൽ നടന്ന സമ്മേളനം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഷാജി മാധവൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യമേഖലയും വർധിച്ചു വരുന്ന ചികിത്സാ ചെലവുകളും എന്ന വിഷയത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളജ് മെഡിസിൻ വിഭാഗം മുൻ മേധാവി ഡോ.കെ.വിജയകുമാർ ക്ലാസ് എടുത്തു. ഐ.ആർ.ടി.സി സമത പ്രൊഡക്ഷൻ സെന്റർ ഡയറക്ടർ വി.ജി. ഗോപിനാഥ് സംഘടനാ രേഖ അവതരിപ്പിച്ചു .യൂണിറ്റ് പ്രസിഡണ്ട് കെ.എം. പ്രകാശൻ അധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് സെക്രട്ടറി മുരുകേശൻ എം.കെ, സമത ചെയർപേഴ്സൺ ദീപ്തി ബാലചന്ദ്രൻ, യുവസമിതി സെക്രട്ടറി ജിബിൻ ടി എന്നിവർ യഥാക്രമം യൂണിറ്റ്, സമതവേദി, യുവസമിതി എന്നിവയുടെ റിപ്പോർട്ടും വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.

## എലവഞ്ചേരി യൂണിറ്റ് സമ്മേളനം



ശാസ്ത്രസാഹിത്യ പരിഷത്ത് എലവഞ്ചേരി യൂണിറ്റ് സമ്മേളനം മാർച്ച്29ന് സയൻസ് സെന്ററിൽ വച്ച് നടന്നു.സമ്മേളനം എലവഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.ശിവരാമൻ ഉദ്ഘാടനം ചെയ്തു. CPIM LC സെക്രട്ടറി കെ രാജേഷ്, വാർഡ് മെമ്പർ കെ പ്രകാശൻ എന്നിവർ സമ്മേളനത്തിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സംഘടനാ രേഖയും സ്റ്റീഫൻ ഹോക്കിങ്ങിസ് അനുസ്മരണവും പരിഷത്ത് ജില്ല കമ്മിറ്റി അംഗം പ്രദോഷ് കുനിശ്ശേരിയും യൂണിറ്റ് വാർഷിക റിപ്പോർട്ട് യൂണിറ്റ് സെക്രട്ടറി ആർ രാജേഷും അവതരിപ്പിച്ചു. സമ്മേളനത്തിൽ പരിഷത്ത് ജില്ലാ ട്രഷറർ കെ അരവിന്ദാക്ഷൻ, ജില്ലാ ജോ.സെക്രട്ടറി കെ സുനിൽ കുമാർ, ജില്ലാ കമ്മിറ്റി അംഗം എം മോഹനൻ, മേഖല പ്രസിഡണ്ട് മനോജ്, സെക്രട്ടറി സുമേഷ് എന്നിവർ സംസാരിച്ചു.

## പുത്തൻചിറ യൂണിറ്റ് വാർഷികം



പരിഷത്ത് പുത്തൻചിറ യൂണിറ്റ് വാർഷികം വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ടി.കെ. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അനിതാ മനോജ് സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ മേഖലാ സെക്രട്ടറി ജയരാജ് പി.ഡി സ്റ്റീഫൻ ഹോക്കിങ്ങ് അനുശോചന പ്രമേയവും ആമുഖവും അവതരിപ്പിച്ചു. യൂണിറ്റ് ജോയിന്റ് സെക്രട്ടറി പ്രസാദ് പി.എസ്. റിപ്പോർട്ടും എൻ.കെ.ഹരിശ്ചന്ദ്രൻ കണക്കുകളും മേഖലാ കമ്മറ്റി അംഗം പി.എസ്. ശങ്കരൻ സംഘടനാ റിപോർട്ടും അവതരിപ്പിച്ചു. 22 പേർ പങ്കെടുത്ത യോഗത്തിൽ ബിജു അഞ്ചേരി ,സി മുകുന്ദൻ, ആലീസ് തോമസ്, അരുൺ രാജ്, ഡേവിഡ്, എം.കെ. ഹരിലാൽ, രാജശ്രീ, അനിത, മനോജ്, സൗദാമിനി , പീതാംബരൻ തുടങ്ങിയവർ നല്ല രീതിയിൽ ചർച്ചയിൽ പങ്കെടുത്തു. വി.എസ്.അരുൺ രാജ് നെൽവയൽ തണ്ണീർത്തട നിയമ ഭേദഗതി ഓർഡിനൻസ് പിൻവലിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. പുതിയ ഭാരവാഹികളായി വി.വി.ശിവദാസ് (പ്രസിഡണ്ട്), പി.എസ്. പ്രസാദ് (വൈ.പ്രസി) അനിത മനോജ് (സെക്രട്ടറി), രാജശ്രീ ശശിധരൻ (ജോ. സെക്രട്ടറി) എന്നിവരെ തെരെഞ്ഞെടുത്തു. രാജശ്രീ നന്ദി പറഞ്ഞു.

## ഇരിട്ടി മേഖലാ വാർഷികം

ഇരിട്ടി : 2018 മാർച്ച് 24, 25 തീയ്യതികളിൽ (ശനി, ഞായർ) കുയിലൂർ എ.എൽ.പി. സ്കൂളിൽ വെച്ച് നടന്നു. കണ്ണൂർ ജില്ലാസെക്രട്ടറി ബേബിലത ടീച്ചർ ഉദ്ഘാടനം ചെയ്തു. പടിയൂർ ഗ്രാമപഞ്ചായത്ത് മെമ്പർ എം. കുഞ്ഞിരാമൻ അധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ചെയർമാൻ പി.പി. രാഘവൻ മാസ്റ്റർ സ്വാഗതം പറഞ്ഞു. കൺവീനർ സന്തോഷ് കെ.വി. നന്ദി പറഞ്ഞു. തുടർന്ന് ഇരിട്ടി "കനൽ കൂട്ടം" അവതരിപ്പിച്ച ലഹരി വിരുദ്ധ തെരുവ് നാടകം അരങ്ങേറി.



രാത്രി 8.30 ന് പ്രതിനിധി സമ്മേളനം ആരംഭിച്ചു. പ്രസിഡണ്ട്സി. യശോനാഥ് അധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി പി.ദിവാകരൻ പ്രവർത്തനറിപ്പോർട്ടും ട്രഷറർ അശോകൻ പി.ആർ. വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. റിപ്പോർട്ട് ചർച്ചക്ക് ശേഷം രാത്രി 11 മണിക്ക് ഒന്നാം ദിവസ സമ്മേളന നടപടികൾ പൂർത്തിയായി.

രണ്ടാം ദിവസം 10 മണിക്ക് ചർച്ചക്കുള്ള മറുപടിയോടെ ആരംഭിച്ച സമ്മേളനത്തിൽ ജില്ലാ കമ്മറ്റി അംഗം. പ്രൊഫ. എൻ.കെ. ഗോവിന്ദൻ സംഘടനാരേഖ അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചക്ക് ശേഷം ടി.വി. നാരായണൻ മറുപടി നല്കി. ഉച്ചയ്ക്ക് ശേഷം എം.വിജയകുമാർ രണ്ടാം കേരളപഠനം സംബന്ധിച്ച അവതരണം നടത്തി. കെ.സുരേഷ് ഭാവി പ്രവർത്തന രേഖ അവതരിപ്പിച്ചു. തുടർന്ന് പുതിയ ഭാരവാഹികളെയും തെരഞ്ഞെടുത്തു. പ്രസിഡണ്ട് ആയി യശോനാഥിനെയും സെക്രട്ടറിയായി കെ.വി. സന്തോഷ് മാസ്റ്ററെയും തെരഞ്ഞെടുത്തു. വൈസ് പ്രസിഡണ്ടുമാരായി കെ.പി. സരോജിനി ടീച്ചർ, എം. ജിനചന്ദ്രൻ എന്നിവരെയും ജോയന്റ് സെക്രട്ടറിമാരായി എ.കെ.ബിന്ദു, പ്രഭാകരൻ മാസ്റ്റർ, ട്രഷറർ - സുരേഷ് മാസ്റ്റർ എന്നിവരെയും തെരഞ്ഞെടുത്തു.

1. നെൽവയൽ സംരക്ഷണ നിയമ ഭേദഗതി ഓർഡിനൻസ് പിൻവലിക്കുക. 2. കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള മലിന ജലം / മഴവെള്ളം എന്നിവ ശാസ്ത്രീയമായി ശുദ്ധീകരിച്ച് മാത്രം കനാൽ വഴി കീഴല്ലൂർ പുഴയിലേക്ക് ഒഴുക്കുക. 3. ശാസ്ത്ര വിഷയങ്ങൾ പത്താം തരം വരെ മാതൃഭാഷയിലുടെ മാത്രം പഠിപ്പിക്കുക.

## മഞ്ചേരി മേഖല വാർഷികം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മഞ്ചേരി മേഖലാ സമ്മേളനം മാർച്ച് 28,29 തിയ്യതികളിൽ ജി.എം.എൽ.പി.സ്കൂൾ എടവണ്ണയിൽ വെച്ചു നടന്നു. മാർച്ച് 28 ന വൈകുന്നേരം എടവണ്ണ ബസ്സാന്റിൽ വെച്ച് ജനാധിപത്യം, ശാസ്ത്രബോധം , മാനവികത എന്ന വിഷത്തിൽ വി. വിനോദ് പ്രഭാഷണം നടത്തി. സുന്ദരൻ ചെമ്പ്ര സമ്മേളനത്തിന് സ്വാഗതം പറഞ്ഞു. മേഖലാ പ്രസിഡൻറ് അനൂപ് പറക്കാട്ട് ആമുഖം അവതരിപ്പിച്ചു. ജില്ലാ കമ്മിറ്റി അംഗം അരുൺകുമാർ സംഘടനാരേഖ അവതരിപ്പിച്ചു. മേഖലാ സെക്രട്ടറി കെ.കൃഷ്ണൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കെ.കെ.പുരുഷോത്തമൻ കേരള പഠനം അവതരണം നടത്തി. പുതിയ മേഖലാ പ്രസിഡണ്ടായി ഇ.എം.നാരായണൻ, സെക്രട്ടറിയായി കെ.കെ.ദിനേശ്എന്നിവരെ തെരഞ്ഞെടുത്തു.

## നെന്മണിക്കര യൂണിറ്റ് വാർഷികം

ശാസ്ത്രസാഹിത്യ പരിഷത്ത് നെന്മണിക്കര യൂണിറ്റ് വാർഷിക സമ്മേളനം മാർച്ച് 18ന് പ്രസിഡണ്ട് കെ.കെ. ഉണ്ണികൃഷ്ണന്റെ അധ്യക്ഷതയിൽ കൊടകര മേഖലാക്കമ്മിറ്റിയംഗം ശ്രീനാഥിന്റെ ഗൃഹത്തിൽ നടന്നു. സെക്രട്ടറി സിഗിൽ ദാസ് റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. ജില്ലാക്കമ്മിറ്റിയംഗം കെ.കെ. അനീഷ് കുമാർ യൂണിറ്റ് രേഖ അവതരിപ്പിച്ചു. നെൽവയൽ നീർത്തടനിയമം ഭേദഗതി ചെയ്യാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് സമ്മേളനം പ്രമേയമായി ആവശ്യപ്പെട്ടു. ഇരുപതോളം പേർ പങ്കെടുത്തു. പുതിയ ഭാരവാഹികൾ : പ്രസിഡണ്ട് - ആവണി ശിവൻ, വൈസ് പ്രസിഡണ്ട് - സിഗിൽ ദാസ്, സെക്രട്ടറി കെ.കെ.ഉണ്ണികൃഷ്ണൻ, ജോയിന്റ് സെക്രട്ടറി - ധനലക്ഷ്മി സുരേഷ്ബാബു

## ടി.ആർ.ചന്ദ്രദത്ത്
## കർമോത്സുകതയുടെയും ഇച്ഛാശക്തിയുടെയും ആൾരൂപം



മർത്യവീര്യം അദ്രിയെ വെല്ലുമെന്ന് പ്രഖ്യാപിച്ച മഹാകവിതന്നെയാണല്ലോ വിജിഗീഷുവായ മൃത്യുവിനപോലും ജീവിതത്തിന്റെ കൊടിപ്പടം താഴ്ത്താനാവില്ലെന്ന് എഴുതിയതും. മാരകമായ രോഗത്തിന് കീഴ്പ്പെട്ടിട്ടും അത്യസാധാരണമായ മനോബലം കൊണ്ടും കർമനിരതത്വം കൊണ്ടും മരണത്തെപ്പോലും മാറ്റിനിർത്തി താൻ ഏറ്റെടുത്ത പ്രവർത്തനങ്ങൾ പൂർത്തിയാക്കി ലോകത്തോട് വിടപറഞ്ഞ ടി.ആർ.ചന്ദ്രദത്ത് ജീവിച്ചിരിക്കുന്നവർക്ക് ഒരു പാഠവും മാതൃകയുമാണ്.

2018 മാർച്ച് 20 നാണ് 75-ാമത്തെ വയസ്സിൽ ദത്ത് മാഷ് നിര്യാതനായത്. ഓരോ മണൽത്തരിയിലും ഇടതുപക്ഷ പ്രസ്ഥാനത്തിന് ആഴത്തിൽ വേരോട്ടമുള്ള മണപ്പുറമാണ് ദത്ത് മാഷെ സൃഷ്ടിച്ചത് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പൊന്നാനി താലൂക്ക് സെക്രട്ടറിയായിരുന്ന ടി.കെ. രാമന്റെ മകനാണ് ദത്ത് മാഷ്. വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചു. വിമോചനസമരത്തിനെതിരെ വിദ്യാർഥികളെ സംഘടിപ്പിക്കാൻ അദ്ദേഹം നേതൃത്വം നൽകി. 1972 ൽ തൃപ്രയാർ ഗവൺമെന്റ് പോളിടെക്നിക്കിൽ അധ്യാപകനായി. സർവീസ് സംഘടനാരംഗത്തും സജീവമായി പ്രവർത്തിച്ചു.

1996 ൽ നാവിൽ ക്യാൻസർ ബാധിച്ച് ശസ്ത്രക്രിയക്ക് വിധേയനായ ദത്ത് മാഷിന്റെ നാവും താടിയെല്ലും കഴുത്തിലെ എല്ലും നീക്കം ചെയ്യേണ്ടിവന്നു. പിന്നീട് ദ്രാവകരൂപത്തിലുള്ള ഭക്ഷണം മാത്രം കഴിച്ചാണ് അദ്ദേഹം ജീവിച്ചത്. ശസ്ത്രക്രിയയിൽ നാവിന്റെ ഭാഗത്ത് വച്ചുപിടിപ്പിച്ച മാംസഭാഗം കൊണ്ട് മാസങ്ങൾക്ക് ശേഷമാണ് അവ്യക്തമായ രീതിയിലെങ്കിലും സംസാരിക്കാനായത്. എന്നാൽ ഈ പരാധീനതകളൊന്നും കൂസാതെ പ്രസംഗവേദികളിലും ചർച്ചാസദസ്സുകളിലും മാഷ് സജീവമായി നിലകൊണ്ടിരുന്നു.

ലാറി ബേക്കറിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ചെലവ് കുറഞ്ഞ കെട്ടിടങ്ങളുടെ നിർമാണത്തിനും പ്രചാരണത്തിനുമായി കോസ്റ്റ്ഫോർഡ് എന്ന സ്ഥാപനം തുടങ്ങിയകാലം മുതൽ അതിന്റെ ഡയറക്ടർ മാഷായിരുന്നു. നിരവധി സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളുടെയും ആഴമേറിയ ആശയസംവാദങ്ങളുടെയും കേന്ദ്രമായി കോസ്റ്റ്ഫോർഡിനെ മാറ്റാൻ ദത്ത് മാഷിന് സാധിച്ചു.

തന്റെ ജന്മനാടായ തളിക്കുളത്തിന്റെ സമഗ്രവികസനത്തിനവേണ്ടിയാണ് വികാസ് ട്രസ്റ്റ് ആരംഭിച്ചത്. അതിന്റെ ആരംഭകാലം മുതൽക്കേ മാഷാണ് ചെയർമാൻ. തളിക്കുളത്തെ തൊഴിൽ പരിശീലനം, സ്ത്രീശാക്തീകരണം, വയോജനസംരക്ഷണം തുടങ്ങിയ മേഖലകളിലെല്ലാം ട്രസ്റ്റ് ഇടപെടുന്നുണ്ട്.

ഇ.എം.എസ്സിന്റെ മരണത്തെത്തുടർന്ന് എല്ലാ വർഷവും തൃശ്ശൂരിൽ നടന്നുവരുന്ന ഇ.എം.എസ് സ്മൃതി എന്ന പേരിലുള്ള സംവാദവേദി ദത്തുമാഷുടെ മറ്റൊരു വലിയ സംഭാവനയാണ്. കഴിഞ്ഞ 19 വർഷവും ഈ പരിപാടി മുടങ്ങാതെ നടന്നിട്ടുണ്ട്. അതാത് കാലത്ത് ഏറ്റവും പ്രസക്തമായ വിഷയങ്ങൾ അതാത് മേഖലകളിലെ ഏറ്റവും പ്രഗത്ഭരായ പണ്ഡിതന്മാരെതന്നെ പങ്കെടുപ്പിച്ചുകൊണ്ട് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്ന ഇ.എം.എസ് സ്മൃതി ഇപ്പോൾ കേരളത്തിലെ മുഖ്യ സാംസ്കാരിക സംഭവങ്ങളിലൊന്നായി മാറിയിട്ടുണ്ട്. കേരളത്തിന് പുറത്തുനിന്നുപോലും നിരവധി വിദ്യാർഥികളും യുവജനങ്ങളും ഈ പരിപാടിയിൽ പങ്കെടുത്തുവരുന്നുണ്ട്.

വളരെ വ്യക്തവും നിശിതവുമായ രാഷ്ട്രീയനിലപാട് അദ്ദേഹത്തിനണ്ടായിരുന്നു. അചഞ്ചലമായിരുന്നു അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ് പ്രതിബദ്ധത. കാര്യങ്ങൾ വളരെ ചിട്ടയായി ആസൂത്രണം ചെയ്യാനും നടപ്പാക്കാനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അനിതരസാധാരണമായിരുന്നു. ഏതൊരു യോഗത്തിൽ പങ്കെടുക്കുമ്പോഴും അദ്ദേഹം നോട്ടുകൾ തയ്യാറാക്കിയാണ് വരിക. ചർച്ചകളിൽ പങ്കെടുക്കുന്നതും മുന്നൊരുക്കത്തോടെത്തന്നെ. നിരന്തരവും അഗാധവുമായ വായനയിലൂടെ ലോകമെമ്പാടും ശാസ്ത്രസാങ്കേതിക രാഷ്ട്രീയ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ചെറു ചലനങ്ങളെപ്പോലും അദ്ദേഹം സ്വാംശീകരിച്ചു. അതെല്ലാം ചർച്ച ചെയ്യാനുള്ള വേദികൾ തുടർച്ചയായി സൃഷ്ടിച്ചു. യുവജനങ്ങളോട് പ്രത്യേകം മമത അദ്ദേഹം വച്ചുപുലർത്തിയിരുന്നു. അവരുടെ രാഷ്ട്രീയജാഗ്രതയിൽ വരുന്ന കുറവിനെക്കുറിച്ച് ഉത്കണ്ഠപ്പെടുകയും അവരുടെ ആശയതലം വികസിപ്പിക്കുന്നതിനുള്ള അവസരങ്ങളൊരുക്കി അവരെ അതിൽ പങ്കാളികളാക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു.

അവസാനകാലത്ത് മാഷ് ശ്രദ്ധിച്ചത് വയോജനക്ഷേമത്തിലായിരുന്നു. കേരളജനസംഖ്യയിൽ വർധിച്ചുവരുന്ന വയോജനങ്ങളുടെ പ്രശ്നങ്ങൾ പൊതുസമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് അദ്ദേഹം വിവിധരൂപത്തിൽ ശ്രമിച്ചുകൊണ്ടിരുന്നു.

ദത്തുമാഷുടെ ആശയവ്യക്തതയും രാഷ്ട്രീയപ്രതിബദ്ധതയും ആസൂത്രണവൈദഗ്ധ്യവും സംഘാടനവൈഭവവും തിളങ്ങിനിന്ന സന്ദർഭമായിരുന്നു തൃശ്ശൂരിൽ നടന്ന സി.പി.ഐ.എമ്മിന്റെ സംസ്ഥാന സമ്മേളനം. ഭക്ഷണം പോലും കഴിക്കാതെ രണ്ട് മാസത്തോളം ദിവസം 16-18 മണിക്കൂറുകൾ അദ്ദേഹം പ്രവർത്തിച്ചു. ആരോഗ്യത്തിൽ ശ്രദ്ധിക്കണമെന്ന സുഹൃത്തുക്കളുടെ ഉപദേശം അദ്ദേഹം ചെവിക്കൊണ്ടില്ല. വലിയൊരു പരിപാടിയിൽ ഉണ്ടാകാവുന്ന നിസാരമായ വീഴ്ചകൾ ചൂണ്ടിക്കാട്ടി ചിലർ വിമർശിക്കുമ്പോഴും, ഒന്നും പറയാതെ ഒരു ചെറു ചിരിയോടെ അദ്ദേഹം കേട്ടുനിന്നു ; ഒരു പരിഭവമോ പരാതിയോ ഇല്ലാതെ.

ഈ വർഷത്തെ ഇ.എം.എസ് സ്മൃതിയെക്കുറിച്ചുള്ള കരട് കുറിപ്പ് തയ്യാറാക്കി സുഹൃത്തുക്കൾക്കയച്ചാണ് അദ്ദേഹം സർജറിക്ക് തയ്യാറായി അമൃതയിലേക്ക് പോയത്. ആസ്പത്രിയിലേക്ക് പോകുന്നതിന് മുമ്പ് സർജറിയുടെ വിവരങ്ങളും സുഹൃത്തുക്കളെ അറിയിച്ചിരുന്നു. 8-9 മണിക്കൂർ നീണ്ടുനിന്ന സർജറി വിജയമായിരുന്നു എന്നറിഞ്ഞ് സന്തോഷിച്ചിരിക്കവേയാണ് മരണവാർത്തയെത്തുന്നത്.

ശാസ്ത്രസാങ്കേതികവിദ്യകൾ സമൂഹത്തിന് വേണ്ടി പ്രയോജനപ്പെടുത്തുന്നതിന് ജീവിതം മാറ്റിവച്ച ദത്ത് മാഷിന് ആദരാഞ്ജലികൾ.

Date of Publication 04-04-2018.Registered. No of Newspaper KERMAL/2001/10969 Registered No. KL/CT/53/2018-20
Licence to post without pre-payment L No. KL/PMG/NR/WPP/6/KKD/18-20


മുജീബ് റഹ്മാൻ.കെ

# കേംബ്രിഡ്ജ് അനലറ്റിക്ക

## ഇനിയെങ്കിലും സ്വതന്ത്ര ആൾട്ടർനേറ്റീവുകളെക്കുറിച്ച് ചിന്തിച്ച് തുടങ്ങാം

കേംബ്രിഡ്ജ് അനലറ്റിക്ക എന്ന സ്ഥാപനം വ്യക്തിഗത വിവരങ്ങളെ സമർഥമായി ഉപയോഗിച്ച് ഇലക്ഷനെ അട്ടിമറിച്ച വാർത്ത എല്ലാവരും വായിച്ച് കാണും. ഇതിന് തടയിടാൻ ഫേസ്ബുക്കിലെ ആപുകളെ എടുത്ത് കളഞ്ഞതുകൊണ്ടോ ഫേസ്ബുക്ക് തന്നെ ഡിലീറ്റ് ചെയ്തതുകൊണ്ടോ ആവില്ല.

### എന്താണ് കേംബ്രിഡ്ജ് അനലറ്റിക്ക ?

ബ്രിട്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു പരസ്യ കമ്പനി ആണിത്. ഫേസ്ബുക്കിൽ നിന്നും ലഭിച്ച വ്യക്തിഗത വിവരങ്ങളെ പഠിച്ച് ഇലക്ഷൻ ക്യാമ്പയിൻ നടത്തി ഫലത്തെ അനുകൂലമാക്കിയ തിലൂടെയാണ് ഇവർ കുപ്രസിദ്ധിയാർജിച്ചത്.

### പ്രവർത്തനരീതി

മൊബൈൽ ഫോണിൽ പ്രവർത്തിക്കുന്ന ഫേസ്ബുക്ക് വഴി ലോഗിൻ ചെയ്ത് ഉപയോഗിക്കുന്ന പേഴ്സണാലിറ്റി ക്വിസ് രീതിയിലുള്ള ഒരു ആപ്ലിക്കേഷൻ ശേഖരിച്ച ഡാറ്റ കമ്പനി സ്വന്തമാക്കുകയും ഇതിൽ ലോഗിൻ ചെയ്യുന്ന ആളുടെ എല്ലാ വ്യക്തിഗതവിവരങ്ങളും (പേര്, ബർത്ത്ഡേ, സ്ഥലം, രാഷ്ട്രീയ കാഴ്ചപ്പാടുകൾ, സുഹൃത്തുക്കൾ അവരുടെ ബന്ധങ്ങൾ തുടങ്ങി...) കമ്പനി ശേഖരിക്കുകയും ചെയ്തു. പുറത്ത് വന്ന കണക്കുകൾ പ്രകാരം 50 മില്യൺ ആളുകളുടെ വിവരങ്ങളാണ് കമ്പനി ശേഖരിച്ചത്. ഇങ്ങനെ ശേഖരിച്ച ഡാറ്റ ഉപയോഗിച്ച് ഓരോ വ്യക്തിയെയും കൃത്യമായി മനസിലാക്കാൻ സാധിക്കും. നമ്മുടെ ലൈക്കുകൾ, റിയാക്ഷനുകൾ, കമന്റുകൾ തുടങ്ങിയവ പരിശോധിച്ചാൽ തന്നെ നമ്മുടെ താല്പര്യങ്ങൾ എന്താണെന്ന് വളരെ എളുപ്പത്തിൽ മനസിലാക്കാം. കൂട്ടത്തിൽ രാഷ്ട്രീയ കാഴ്ചപ്പാട് മനസിലാക്കൽ വളരെ എളുപ്പവുമാണ്. ഇങ്ങനെ അമ്പത് മില്യൺ ഫേസ്ബുക്ക് ഉപയോക്താക്കളുടെ വിവരങ്ങളിൽ നിന്നും ട്രംപിനോട് ആഭിമുഖ്യം പുലർത്തുന്നവരെയും എതിർക്കുന്നവരെയും ചാഞ്ചാടി നിൽക്കുന്നവരെയും തരം തിരിച്ചെടുക്കാം. ട്രംപിനോട് ആഭിമുഖ്യമുള്ളവരെയും ന്യൂട്രലായി നൽക്കുന്നവരെയും കണ്ടെത്തി അവരിലേക്ക് ട്രംപിനെക്കുറിച്ചുള്ള നല്ല വാർത്തകൾ എത്തിച്ചത് വഴി ഒരു സൈക്കോളജിക്കൽ ഇടപെടലിലൂടെയാണ് ട്രംപ് വിജയം നേടിയത്. ഇതാണ് ഡാറ്റയുടെ കളി. നമ്മൾ നിസാരമാണെന്ന് കരുതന്ന ഓരോ ലൈക്കും കമന്റും ഒക്കെ വെച്ചാണ് ഇത് സാധ്യമായത് എന്നോർക്കണം. ഇലക്ഷൻ കാലത്ത് എല്ലാവരും കാമ്പയിൻ ചെയ്യാറുണ്ട്. ആ ക്യാമ്പയിൻ എല്ലാവരിലേക്കും ഒരുപോലെയാണ് എത്തുന്നത്. ന്യൂട്രലായ ആൾ എല്ലാ പാർട്ടികളുടെ ക്യാമ്പയിനും കാണുന്നു. പക്ഷേ ഇവിടെ ഒരാളുടെ താല്പര്യത്തെ മനസിലാക്കി അയാൾക്ക് ഒരു ക്യാന്റിഡേറ്റിനെക്കുറിച്ചുള്ള വാർത്തകൾ മാത്രം തുടരെ തുടരെ നൽകി മറ്റു ക്യാമ്പയിനുകളെ പൂർണമായും അകറ്റി നിർത്തുന്ന ഒരു രീതി അവലംബിച്ചതാണ് പ്രശ്നത്തിന്റെ കാതൽ. തികച്ചും സ്വകാര്യമായ നമ്മുടെ വിവരങ്ങൾ വച്ച് നമ്മെ പ്രൊഫൈൽ ചെയ്ത് ഒരു പ്രത്യേക പാർട്ടിയുടെ ആശയങ്ങളിലേക്ക് ഒതുക്കുന്നു. 2010 ലെ ബിഹാർ ഇലക്ഷനിൽ ബിജെപിക്ക് വേണ്ടി ഇതേ കമ്പനി പ്രവർത്തിച്ചിരുന്നു എന്നതും കേരളത്തിലെ തീവ്രവാദ ബന്ധം പരിശോധിക്കാൻ ഓഫ്ലൈൻ ആയി ഡാറ്റ കളക്ട് ചെയ്തു എന്ന വാർത്തയും ഇതോടൊപ്പം ചേർത്ത് വെക്കേണ്ടതുണ്ട്. നവമാധ്യമങ്ങൾ വ്യക്തിഗത സ്വകാര്യതയെ വിലകൽപ്പിക്കാത്തത് പുതിയ ഒരു വാർത്തയല്ല, എന്നാൽ ഇലക്ഷൻ വരെ അട്ടിമറി നടത്തുന്ന തരത്തിലേക്ക് അത് വളർന്നിരിക്കുന്നു.

സോഷ്യൽമീഡിയയിലെ മോണോപോളിയായി ഫേസ്ബുക്ക് അരങ്ങ് തകർക്കുമ്പോൾ മറ്റെല്ലാ കാര്യത്തിലും ഗൂഗിളിനെയാണ് നാം ആശ്രയിക്കുന്നത്. നിങ്ങൾ എന്തെല്ലാം തിരഞ്ഞു, ചെയ്തു, പോയി എന്നൊക്കെ അറിയാൻ http://myactivity.google.com/ എന്ന ലിങ്കിൽ പോയി നോക്കിയാൽ മതി. ഈഡാറ്റകൾ മതി നിങ്ങളെക്കുറിച്ച് വ്യക്തമായ ഒരു ധാരണ ലഭിക്കാൻ. ഉദാഹരണത്തിന് ലൊക്കേഷൻ ഓൺ ചെയ്തുകൊണ്ട് ഒരു യൂബർ യാത്ര നടത്തുമ്പോൾ യൂബറിൽ പോകാൻ തക്ക പണം ഉള്ള ഒരാളാണ് എന്ന അറിവാണ് ഗൂഗിളിന് ലഭിക്കുന്നത്. അതിനനുസരിച്ചുള്ള പരസ്യങ്ങളായിരിക്കും പിന്നീട് വരിക. അതുകൊണ്ടാണ് തുടക്കത്തിൽ ഫേസ്ബുക്ക് ഡിലീറ്റ് ചെയ്തതുകൊണ്ട് മാത്രം പ്രശ്നങ്ങൾ അവസാനിക്കുന്നില്ല എന്ന് പറഞ്ഞത്. ഇന്റർനെറ്റിലെ ഓരോ ക്ലിക്കുകളും നമ്മളെക്കുറിച്ചുള്ള ചെറു വിവരങ്ങളാണ്. അത് നമ്മുടെ അറിവില്ലാതെ കുത്തക കമ്പനികൾ അവരുടെ പരസ്യപ്രചാരണത്തിനും മറ്റും ഉപയോഗിച്ചുകൊണ്ടേയിരിക്കുന്നു. ഡിജിറ്റൽ പ്രൈവസിയെക്കുറിച്ച് നാം കൂടുതൽ ശ്രദ്ധകൊടുക്കേണ്ട കാലമാണിത്.

ഈ പ്രശ്നത്തെ തന്നെ പറഞ്ഞോണ്ടിരുന്നിട്ട് കാര്യമില്ലല്ലോ പ്രതിവിധികളെക്കുറിച്ച് ആലോചിച്ച് തുടങ്ങുകയെങ്കിലും വേണ്ടേ...??

കുത്തകവൽകരണത്തെ തിരിച്ചറിയാനും അതിനെതിരെ ചെറുവിരലെങ്കിലും അനക്കാനും ശേഷിയുള്ളവർ തന്നെയാണ് നമ്മൾ. സ്വയം നിർമിത സോപ്പും മറ്റുമെല്ലാം അതിന്റെ ഉദാഹരണങ്ങളാണ്. എങ്കിൽ ഡിജിറ്റൽ ലോകത്തും സ്വയം പര്യാപ്തത നേടാൻ അനവധി സാധ്യതകളുണ്ട്.

### സോഷ്യൽ മീഡിയക്ക് സ്വതന്ത്രബദലുകൾ

സോഷ്യൽ മീഡിയയിൽ ഫേസ്ബുക്കും ട്വിറ്ററും ഗൂഗിൾപ്ലസും അല്ലാതെ സ്വതന്ത്ര സോഫ്റ്റ്‌വയറുകൾ നമുക്ക് ലഭ്യമാണ്. ഉപയോക്താവിന് സ്വാതന്ത്ര്യവും സ്വകാര്യതയും നൽകുന്ന സോഫ്റ്റ്‌വയറുകളാണ് സ്വതന്ത്രസോഫ്റ്റ്‌വയറുകൾ. ഒരു കമ്മ്യൂണിറ്റിക്കോ വ്യക്തിക്കോ അതിന്റെ സർവറുകൾ സ്വന്തമായി സെറ്റപ്പ് ചെയ്ത് നിയന്ത്രിക്കാനും സാധിക്കും. ഫേസ്ബുക്കിന് പകരം വെക്കാൻ (ഫേസ്ബുക്കിലെ പോലെ ഫീച്ചറുകൾ നിങ്ങൾക്കവിടെ കാണാന് കഴിയണമെന്നില്ല, അതിലേക്ക് കോണ്ട്രിബ്യൂട്ട് ചെയ്യാന് കഴിയുന്നവർ ഒത്ത് പിടിച്ചാൽ ഇതിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കാനും ആകും) ഉള്ള




ഒരു ആപ്ലിക്കേഷൻ Diaspora ആണ്. ഫേസ്ബുക്ക് പോലെ ഒരു കമ്പനി മാത്രമല്ല ഈ സേവനം നൽകുന്നത്, നിരവധി കമ്മ്യൂണിറ്റികൾ അവരുടെ സെർവറിൽ ഇൻസ്റ്റാൾ ചെയ്ത് സേവനം ലഭ്യമാക്കുന്നുണ്ട്. ഇന്ത്യയിലെ കമ്മ്യൂണിറ്റിയായ FSCI(Free software community of India) നടത്തുന്ന poddery എന്ന സെർവറിൽ ഈ സോഫ്റ്റ് വെയർ നമുക്ക് ഉപയോഗിക്കാം. അതിൽ ജോയിൻ ചെയ്യാൻ https://poddery.com/ എന്ന വെബ്സൈറ്റ് സന്ദർശിക്കാം. സ്വയം പര്യാപ്തതയെക്കുറിച്ചാണല്ലോ നാം നേരത്തെ ചർച്ച ചെയ്തത്. ഒരു കമ്മ്യൂണിറ്റിയോ വ്യക്തിയോ വിചാരിച്ചാൽ ഈ ഡയസ്പോറ സ്വന്തം സെർവറിൽ ഇൻസ്റ്റാൾ ചെയ്ത് പൊതുജനങ്ങൾക്ക് നൽകാനും ആവും. ട്വിറ്ററിന് പകരം https://mastodon.social/about പരീക്ഷിക്കാവുന്നതാണ്. ഇതും നേരത്തെ പറഞ്ഞ രീതിയിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വയറാണ്.

ഗൂഗിളിൽ തിരയുമ്പോൾ ആദ്യം തന്നെ നിങ്ങൾ തിരഞ്ഞതും ഏതിലാണ് അമർത്തിയത് തുടങ്ങിയ ഡാറ്റ ഗൂഗിൾ സെർവറിലേക്കാണ് പോകുന്നത്. അത് വച്ചാണ് പിന്നീട് നമ്മെ അനസൈല് ചെയ്യുന്നത്. ഗൂഗിളിൽ സെർച്ച് ചെയ്യൽ കുറച്ച് https://duckduckgo.com ഉപയോഗിച്ചാൽ ട്രാക്കിംഗ് കുറക്കാം. (ഇതും മുഴുവനായി ഫ്രീസോഫ്റ്റ് വെയർ അല്ല എന്നൊരു പോരായ്മ നിലനിൽക്കുന്നു. പക്ഷേ ട്രാക്ക് ചെയ്യുന്നതായി ഇത് വരെ വിവരങ്ങളൊന്നും ഇല്ല എന്നതുകൊണ്ട് ഉപയോഗിക്കാം).

മൊബൈൽ ഉപയോക്താക്കളെ ഏറ്റവും കൂടുതൽ സർവൈലൻസ് ചെയ്യുന്നത് കീബോർഡുകളാണ്. നിങ്ങൾ ടൈപ് ചെയ്യുന്ന വിവരങ്ങൾ ചോർത്താനും അത് പഠിക്കാനും കൂബോർഡുകൾ ഉപയോഗിക്കപ്പെടുന്നു. നിങ്ങൾ വ്യക്തിപരമായി അയക്കുന്ന ഓരോ മെസേജും ഈ കീബോർഡ് കമ്പനി പഠിക്കുകയും വല്ല പ്രോഡക്ടുകളെപ്പറ്റിയും ടൈപ് ചെയ്താൽ അതിനനുസരിച്ചുള്ള പരസ്യങ്ങൾ കാണിക്കാനും തയ്യാറായിരിക്കുകയാണവർ. ഗൂഗിൾ കീബോർഡ് ഉപയോഗിക്കാതെ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗ് വികസിപ്പിച്ച indic keyboard ഉപയോഗിച്ചാൽ അതിൽ നിന്ന് രക്ഷപ്പെടാം.

മനസ്സ് വെച്ചാല് മോണോപോളികളെ ആശ്രയിക്കാതെ തന്നെ ഒട്ടുമിക്ക കാര്യങ്ങളും നമുക്ക് ചെയ്യാനാവും. കുക്കീസ് ഡിലീറ്റ് ചെയ്യുക, ട്രാക്കിംഗ് പ്രൊട്ടക്ഷനുള്ള ചില ആഡോണുകൾ ഉപയോഗിക്കുക ഒക്കെ ചെയ്ത് ഇത്തരം ചോർത്തലുകളെ തടയാനുമാകും.

ഡിജിറ്റൽ യുഗത്തിലെ രാഷ്ട്രീയ നിലപാടുകളാണ് സ്വതന്ത്രസോഫ്റ്റ് വെയർ ഉപയോഗവും പ്രചാരണവും. പരമാവധി അവ ഉപയോഗിക്കാനും പ്രചരിപ്പിക്കാനും നാം ശീലിക്കേണ്ടതുണ്ട്.

ഈ വിഷയത്തിൽ തയ്യാറാക്കിയ വീഡിയോ ഈ QRcode സ്കാൻ ചെയ്തുകൊണ്ട് കാണാവുന്നതാണ്

മൊബൈലിൽ ഡയസ്പോറ ഇൻസ്റ്റാൾ ചെയ്യാൻ ഈ QRcode സ്കാൻ ചെയ്യുക


Printed by T.K Meerabhai, published by T.K Meerabhai, on behalf of Kerala Sasthra Sahithya Parishad and printed at Kamala Printers, 7/165, Oyitty Road, Calicut 673001 and published at Parishad Bhavan, Chalappuram, Calicut - 673002, Phone : 0495-2701919, e-mail:parishadvartha@gmail.com. Editor: T.K Meerabhai.